ഫെബ്രുവരി 2017

# സുവാർത്താദൂതൻ

ദൈവരാജ്യം
സമീപിച്ചിരിക്കുന്നു



**'കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു;
മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ'
(മർക്കോസ് 1:15)**

Vol . 10 Suvartha Dhodan No. 2

VOL 10 ISSUE 2 FEBRUARY 2017

# SUVARTHA DHODAN

Published by The Full Gospel Church of Suvartha

***Printed, Published & Owned by***
V.S. Varghese
Suvartha Dhodan
Mallappally West P.O.
Kerala-689 585
Ph /Fax: 0469-2781845
suvarthamallappally@gmail.com

REPRESENTATIVES

***President***
Abraham John
Ph : 0096599115682

***Vice President***
V.S. Varghese
Ph : 9495555076

***Gen-Secretary***
T.V. Pothen
Ph : 9447525138

EDITORIAL BOARD

***Chief Editor***
Jiji Daniel

***Editor***
C.J. Zachariah

## ഉള്ളടക്കം

പേജ്

3 എഡിറ്റോറിയൽ ................................................ പാസ്റ്റർ ജിജി ദാനിയേൽ

4 ദൈവരാജ്യം വേദപുസ്തക വീക്ഷണത്തിൽ.....പാസ്റ്റർ ഏബ്രഹാം ജോൺ

6 കത്താവായ യേശുക്രിസ്തുവിന്റെ രക്തം ..... .... പാസ്റ്റർ റ്റി.വി. പോത്തൻ

8 രക്തം ചൊരിഞ്ഞല്ലാതെ വിമോചനമില്ല...........പാസ്റ്റർ വി.എസ്. വർഗ്ഗീസ്

10 വേദപുസ്തക പംക്തി

12 ഭയത്തിന്റെ വെല്ലുവിളി ....................................ഇവാ. സി. ജെ. സഖറിയ

14 The Coming Earthly Kingdom of Jesus Christ

15 ജീവചരിത്രപംക്തി

16 കുടിച്ചു പായുന്ന കേരളം

19 ദൈവഹിതം തിരിച്ചറിയുക

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ഞങ്ങളെ
ദയവായി എഴുതി അറിയിക്കുക
ഓരോ ലക്കത്തിലെയും പംക്തിയിലെയും ആശയങ്ങൾ
അതാത് എഴുത്തുകാരുടേതാണ് - എഡിറ്റർ

The views and ideas expressed in each articles are
those of the writer -Editor

***For more details***

The Editor, Suvartha Dhodan,Mallappally West P.O. Kerala-689
585, Ph/Fax : 0469-2781845,E-mail : suvarthamallappally@gmail.com

പൂർണ്ണസുവിശേഷ സത്യങ്ങൾ ഉദ്ഘോഷിക്കുന്ന
ഒരു ക്രൈസ്തവ മാസിക



പാ. ജിജി ദാനിയേൽ



# ദൈവരാജ്യം

'ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരു നാളും അതിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു'. (മാർക്കോസ് 10:15).

ഈ ലോകത്ത് നിരവധി രാജ്യങ്ങൾ ഉണ്ട്; ഓരോ രാജ്യങ്ങൾക്കും അതിന്റേതായ ഭരണ സംവിധാനങ്ങൾ ഉണ്ട്. ഒരു രാജ്യത്തു നിന്നു അടുത്ത രാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് അതിന്റേതായ വ്യവസ്ഥകൾ ഉണ്ട്. ഇന്ന് രാജ്യങ്ങൾ നേരിടുന്ന ഒരു പ്രധാനവിഷയമാണ് അഭയാർത്ഥികളുടെ പ്രശ്നം. യുദ്ധങ്ങൾ നിമിത്തവും, ഭീകര പ്രവർത്തനങ്ങൾ മൂലവും, പ്രകൃതിക്ഷോഭം നിമിത്തവും, വർഗീയ കലാപങ്ങൾ നിമിത്തവും അഭയാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നു; എന്നാൽ ചില രാജ്യങ്ങൾ അവരുടെ മുമ്പിൽ വാതിലുകൾ കൊട്ടിയടയ്ക്കുമ്പോൾ, മറ്റു ചില രാജ്യങ്ങൾ അവരെ സ്വാഗതം ചെയ്യുന്നു. ഇങ്ങനെയുള്ള അഭയാർത്ഥി പ്രവാഹം സഹസ്രാബ്ദങ്ങളുടെ പഴക്കമുള്ള വിഷയമാണ്. വേദപുസ്തകം പഠിക്കുമ്പോൾ യിസ്രായേൽ ജാതി ഏതെല്ലാം രാജ്യങ്ങളിൽ അഭയാർത്ഥികളായി അഥവ പരദേശികളായി പോകേണ്ടിവന്നു എന്നു കാണാൻ കഴിയും. യിസ്രായേലിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരദേശവാസമായിരുന്നു മിസ്രയീമിലെ പരദേശവാസം ഏകദേശം നാനൂറ്റി മുപ്പത് വർഷം അവർ മിസ്രയീമിൽ പരദേശികളായി പാർക്കേണ്ടിവന്നു. ജീവരക്ഷയ്ക്കായി ഓടിവരുന്നവരുടെ മുമ്പിൽ വാതിൽ തുറന്നിടുന്നതാണ് നല്ലത് എന്നതാണ് എന്റെ അഭിപ്രായം.   ധാന്യം പൂട്ടിയിടുന്നവരെ ജനങ്ങൾ ശപിക്കും, ധാന്യം വില്ക്കുന്നവന്റെ മേൽ അനുഗ്രഹം വരും.   ഇനിയും പ്രധാന കാര്യം എഴുതട്ടെ മനുഷ്യൻ ഈ ഭൂമിയിൽ അന്യരും, പരദേശികളും ആണെന്നു മറന്നുപോകരുത്; ഇവിടെ നമുക്ക് നിലനില്ക്കുന്നതൊന്നും ഇല്ല. ദൈവം മനുഷ്യനെ സൃഷ്ടിച്ചിട്ട് താൻ സൃഷ്ടിച്ച മനുഷ്യനെ കിഴക്കു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി അവിടെ ആക്കി. ആ തോട്ടത്തിൽ മനുഷ്യൻ ദൈവസംസർഗ്ഗം അനുഭവിച്ചു എന്നാൽ മനുഷ്യന്റെ അനുസരണക്കേടുനിമിത്തം അവൻ ഏദൻതോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ടു മുള്ളും പറക്കാരെയും മുളച്ച ഭൂമിയിൽ മനുഷ്യൻ ഉഴലുന്നവനായി; അവൻ ഒരു അഭയാർത്ഥിയെപ്പോലെ ദൈവീക സംസർഗ്ഗം നഷ്ടപ്പെട്ടവനായി. എന്നാൽ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ കാൽവറി മലയിലെ ക്രൂശുമരണത്തിലൂടെ തന്റെ ശരീരത്തിൽ മനുഷ്യനെ ദൈവത്തോടു നിരപ്പിച്ചു. അതുകൊണ്ടാണ് യേശുപറഞ്ഞത്   ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു എന്ന്; യേശുവിലുള്ള വിശ്വാസത്താലല്ലാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ല. ദൈവരാജ്യപ്രവേശനത്തിനു യേശുക്രിസ്തു പ്രഖ്യാപിച്ച ധാരാളം മാനദണ്ഡങ്ങൾ ഉണ്ട്. അതിൽ ഒന്നാണ് ശിശുവിനെപ്പോലെ ആയിത്തീരുക; എന്നു പറഞ്ഞാൽ ശിശുവിന്റെ ഹൃദയം പോലെ നിർമ്മല ഹൃദയം ഉള്ളവരായി മാറുക.  ഹൃദയ ശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും എന്നുള്ള വചനം ഇതിനോടു ചേർത്തു വായിക്കുന്നതു നല്ലതാണ് (മത്തായി 5:8).

പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല (യോഹ. 3:3). വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല (യോഹ.3:5).

*

# ദൈവരാജ്യം വേദപുസ്തക വീക്ഷണത്തിൽ



പാ. ഏബ്രഹാം ജോൺ

ദൈവരാജ്യത്തെക്കുറിച്ച് അനേകർ കേട്ടിട്ടുണ്ട്, എന്നാൽ വളരെക്കുറിച്ച് ആൾക്കാർ മാത്രമാണ് യഥാർത്ഥത്തിൽ ദൈവരാജ്യം എന്താണ് എന്ന് മനസ്സിലാക്കിയിട്ടുള്ളത്. വേദപുസ്തകത്തിന്റെ കേന്ദ്രസന്ദേശം ദൈവരാജ്യത്തെക്കുറിച്ചുള്ളതാണ്. യേശുവിനെ ലോകത്തിന് പരിചയപ്പെടുത്തിയ സ്നാപക യോഹന്നാനും, യേശുവും, അപ്പോസ്തലന്മാരുമെല്ലാം ദൈവരാജ്യത്തെക്കുറിച്ചാണ് പ്രസംഗിച്ചത്. യേശുവിന്റെ മരണ, പുനരുത്ഥാനശേഷം താൻ സ്വർഗ്ഗത്തിലേക്ക് പോകുന്നതിനു മുമ്പായി യേശുവിന്റെ ശിഷ്യന്മാർ തന്നോടു അവസാനമായി ആരാഞ്ഞവിഷയം ദൈവരാജ്യസ്ഥാപനത്തെക്കുറിച്ചായിരുന്നു: 'കർത്താവേ, ഇപ്പോഴാണോ നീ യിസ്രായേലിന് രാജ്യം സ്ഥാപിച്ചുകൊടുക്കുന്നത്?' ഈ ഭൂമിയിൽ ദൈവരാജ്യം ദൈവം സ്ഥാപിക്കുവാൻ പോകുന്നു എന്ന മഹൽ സന്ദേശം ഭൂമിയിലുള്ള സകലവ്യക്തികളോടും അറിയിക്കേണം എന്നത് ദൈവത്തിന്റെ ആഗ്രഹമാണ്.

**ദൈവം സർവ്വഭൂമിയുടെയും രാജാവാണ്**

'യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവുമായിരിക്കും' (സെഖ.14:9). ഇത് യേശുവിന്റെ മടങ്ങിവരവിൽ താൻ സ്ഥാപിക്കുന്ന ദൈവരാജ്യത്തെക്കുറിച്ച് ബി.സി. 600 ൽ സെഖര്യാ പ്രവാചകൻ പ്രവചിച്ചതാണ്. ലോകരാജ്യങ്ങളെ ഉന്മൂലനാശം വരുത്തി ദൈവരാജ്യം യേശുക്രിസ്തുസ്ഥാപിക്കുന്നതിനെക്കുറിച്ച് ബി.സി. 600 നോടടുത്ത് ദാനിയേൽ പ്രവാചകനിലൂടെ ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. 'ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ ദൈവം ഒരു നാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും; ആ രാജത്വം വേറേ ഒരു ജാതിക്ക് ഏല്പിക്കപ്പെടുകയില്ല. അത് ഈ രാജത്വങ്ങളെയൊക്കെയും തകർത്തു നശിപ്പിക്കുകയും എന്നേക്കും നിലനില്ക്കയും ചെയ്യും' (ദാനി.2:44). ദാനിയേൽ പ്രവചിച്ച സമയത്ത് നിലവിൽ ഉണ്ടായിരുന്ന ബാബേൽ സാമ്രാജ്യവും, ആയതിനു പിന്നാലെ വന്ന മേദ്യ-പേർഷ്യ, ഗ്രീക്ക്, റോമാ സാമ്രാജ്യങ്ങളുടെ ആവിർഭാവങ്ങളെക്കുറിച്ചും, അഃധപ്പതനങ്ങളെക്കുറിച്ചും, റോമാ സാമ്രാജ്യത്തിനുശേഷം ഉടലെടുക്കുന്ന ജനായത്തഭരണ വ്യവസ്ഥിതികളും അതിന്റെ തകർച്ചയും വളരെ വ്യക്തമായി ദാനിയേൽ പ്രവചനം രണ്ടാം അദ്ധ്യായത്തിൽ രേഖപ്പെടുത്തിയിരിക്കുന്നുത് ചരിത്രത്തിൽ നിറവേറി. നമ്മുടെ കൺമുമ്പിൽ ഈ ലോകഭരണകൂടങ്ങളുടെ അന്ത്യഘട്ടവും യേശുവിന്റെ മടങ്ങിവരവും ദൈവരാജ്യസ്ഥാപനവും ഏതു സമയത്തും നടക്കാൻ പോകുന്നു എന്ന വസ്തുത ലോകസംഭവങ്ങളും വേദപുസ്തകവും പഠിക്കുന്ന ഏതൊരു വ്യക്തിക്കും മനസ്സിലാക്കുന്നതിന് ഇടയാകുന്നു.

ഏ.ഡി. 100 നോടടുത്ത് യേശുവിന്റെ ശിഷ്യനായ യോഹന്നാന് വേഗത്തിൽ സംഭവിപ്പാനുള്ള സംഗതികളെക്കുറിച്ചും തന്റെ ദൈവരാജ്യസ്ഥാപനത്തെക്കുറിച്ചും ഉയത്തെഴുന്നേറ്റ യേശു വെളിപ്പെടുത്തിയത്. വേദപുസ്തകത്തിലെ അവസാനഗ്രന്ഥമായ വെളിപ്പാടുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. 'ഏ

ഴാമത്തെ ദൂതൻ ഊതിയപ്പോൾ ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു; അവൻ എന്നെന്നേക്കും വാഴും എന്ന് സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം ഉണ്ടായി' (വെളി.11:15). ദൈവപുത്രനായ യേശുക്രിസ്തു കാലസമ്പൂർണ്ണതയിൽ പൂർണ്ണമനുഷ്യനും പൂർണ്ണ ദൈവവുമായി ധരിത്രിയിൽ ഇറങ്ങിവന്ന്, മനുഷ്യവർഗ്ഗത്തിന്റെ രക്ഷണ്യപ്രവർത്തി തികച്ചതിൽ വിശ്വസിക്കാതെയും, ദൈവം തന്നെ തന്റെ വിശുദ്ധന്മാരിലൂടെ വെളിപ്പെടുത്തിയതായ സത്യവേദപുസ്തകത്തെ അംഗീകരിക്കാതെയും മുന്നേറുന്നവരുടെ മേലുള്ള അതിഘോരമായ ദൈവീക ശിക്ഷ നടത്തിയതിനുശേഷം (മഹോപദ്രവ കാലം) ദൈവം സ്ഥാപിക്കുന്ന നീതിയുള്ള ദൈവരാജ്യത്തെക്കുറിച്ചാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നതായ വേദഭാഗം വിരൽ ചൂണ്ടുന്നത്.

**ഒരുവൻ ദൈവരാജ്യത്തിന്റെ അംഗമായിതീരുന്നതെങ്ങനെയാണ്?**

അസമാധാനവും, യുദ്ധവും, കൊലയും, രോഗവും, ദുഃഖവും, മുറവിളിയും, പട്ടിണിയും, സ്വജനപക്ഷപാതിത്വവും അനീതിയും എല്ലാം അതിന്റെ അത്യുച്ചകോടിയിൽ എത്തിയിരിക്കുന്ന ഈ അന്ത്യകാലത്ത് യേശു ഈ ഭൂമിയിലേക്ക് കടന്നുവന്ന് തന്റെ നീതിയുള്ള ദൈവരാജ്യം സ്ഥാപിക്കുവാൻ പോകുന്നു. ദൈവരാജ്യത്തിന്റെ അംഗമായി തീരുന്നതിന് മാനസാന്തരപ്പെടേണമെന്ന് യോഹന്നാൻ സ്നാപകൻ ഉദ്ഘോഷിച്ചു (മത്തായി 3:1-2). യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷാവേളയിലും ദൈവരാജ്യത്തിന്റെ സുവിശേഷമാണ് പ്രസംഗിച്ചത് (മത്തായി 4:23). 'വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല' (യോഹ.3:5) എന്ന് യേശു പ്രഖ്യാപിക്കുകയുണ്ടായി. ആദാമിന്റെ ദൈവത്തോടുള്ള അനുസരണക്കേടിന്റെ ശിക്ഷയായ മരണവും, നരകവും, സകലമനുഷ്യവർഗ്ഗത്തിന്മേലും നിപതിച്ചിരിക്കുന്നു. ആയതിന്റെ പരിഹാരമാർഗ്ഗമാണ് കർത്താവായ യേശുക്രിസ്തുവിന്റെ കാൽവറി മരണ, അടക്ക, പുനരുത്ഥാനങ്ങൾ. യേശുവിന്റെ യാഗത്തിലൂടെ പൂർണ്ണമായി ചീന്തപ്പെട്ട തന്റെ പാപമില്ലാത്ത രക്തം മാത്രമാണ് മനുഷ്യന്റെ പാപങ്ങളെ കഴുകി, ശുദ്ധീകരിച്ച് ദൈവമക്കളാക്കി തീർക്കുന്നത്. ഒരുവൻ തന്റെ ജീവിതകാലത്ത് സ്വയമേ യേശുവിനെ ഉള്ളിൽ സ്വീകരിക്കുകയും, യേശുവിന്റെ രക്തം കൊണ്ട് തന്റെ പാപത്തെ കഴുകുന്നതിനായി ആത്മാർത്ഥമായി യേശുവിനോട് യാചിക്കേണ്ടതും ആവശ്യമാണ്. ഇങ്ങനെ തങ്ങളെ തന്നെ സമർപ്പിച്ചവർക്കാണ് ദൈവം സ്ഥാപിക്കുന്ന ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് ദൈവം അവസരങ്ങളെ ഒരുക്കിയിരിക്കുന്നത്.

നരകം കെടാത്ത തീയും, ചാകാത്ത പുഴുവും, നിത്യദണ്ഡനവും ഉള്ള സ്ഥലമായി വേദപുസ്തകം വെളിപ്പെടുത്തുന്നു. ആദാം പാപം ചെയ്യുന്നതിനുമുമ്പ് ഒരു പൂർണ്ണ മനുഷ്യനായിരുന്നതുകൊണ്ട്, പാപാനന്തരം ദൈവത്തിൽ നിന്നും അവൻ ഏറ്റെടുത്ത നിത്യമായ നരകാവസ്ഥ സകലമനുഷ്യവർഗ്ഗത്തിന്മേലും, ജാതി, മത, വർണ്ണ വ്യത്യാസമെന്യേ, കൈവന്നിരിക്കുന്നു. മനുഷ്യന്റെ മരണം ഈ യാഥാർത്ഥ്യത്തെ വിളിച്ചറിയിക്കുന്നു. 'നിങ്ങൾക്ക് സമൃദ്ധിയായ ജീവനുണ്ടാകുവാനുമാണ് ഞാൻ വന്നത്' എന്ന് യേശുവെളിപ്പെടുത്തുകയും ആയത് ചരിത്രത്തിൽ നിവർത്തിച്ച്, മരണത്തിന്മേലും സാത്താന്റെ മേലും, പാതാളഗോപുരങ്ങളുടെ മേലും ജയമെടുത്ത്, യേശുവിന്റെ കല്ലറമാത്രം രണ്ടായിരത്തിൽപരം വർഷങ്ങളായി യെരുശലേമിൽ ഇന്നും തുറന്നുകിടക്കുന്നു.

മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ്, തന്റെ ശിഷ്യന്മാർ കാൺകെ ഒലിവു മലയിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് പോയ യേശു, താൻ പോയതുപോലെ തന്നെ മടങ്ങി വരുമെന്ന് അരുളിച്ചെയ്തു. യേശുവിന്റെ മടങ്ങിവരവിന്റെ ലക്ഷണ

ശേഷം പേജ് 17-ൽ



# കർത്താവായ യേശുക്രിസ്തുവിന്റെ രക്തം

**പാ. റ്റി.വി. പോത്തൻ**

മനുഷ്യവർഗ്ഗത്തിന്റെ ആദ്യമാതാപിതാക്കന്മാരായ ആദാമിന്റെയും ഹൗവ്വയുടെയും ദൈവത്തോടുള്ള അനസരണക്കേടു നിമിത്തം പാപത്തിൽ അകപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ പ്രശ്നങ്ങൾ അനവധിയാണ്. ഇപ്രകാരമുള്ള അനവധി പ്രശ്നങ്ങൾക്ക് ദൈവം നൽകുന്ന ഏകപരിഹാരം ദൈവപുത്രനായ യേശുക്രിസ്തു മാത്രമാണ്. ക്രിസ്തുവിനെ നമുക്ക് അധികമായി പ്രകാശിപ്പിച്ചു തരുന്നതിലൂടെയാണ് നമ്മുടെ മുഴുപ്രശ്നങ്ങളും ദൈവം പരിഹരിക്കുന്നത്. മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി ദൈവപുത്രനായ യേശുക്രിസ്തു നമ്മുടെ പാപങ്ങളെ തന്റെ മേൽ ചുമന്നു കൊണ്ട് പാപപരിഹാരയാഗമായി ക്രൂശിൽ മരിച്ചു. ഒരു വിജയകരമായ ജീവിതം നാം നയിക്കേണ്ടതിന് ദൈവപുത്രനായ യേശുവിനെ രക്ഷകനായി സ്വീകരിച്ചവരുടെ ഹൃദയങ്ങളിൽ ക്രിസ്തു കർത്താവായി വാഴുന്നു. നിഷേധാത്മകമായി നമ്മിലുണ്ടായ പ്രശ്നങ്ങൾക്ക് സാധകാത്മകമായി നാം ചെയ്യേണ്ട ചുമതലകൾക്കും എല്ലാറ്റിനും ക്രിസ്തുവെന്ന ഒരേ ഒരു പ്രതിവിധിയാണ് നമുക്ക് ദൈവത്തിൽ നിന്നും ലഭിക്കുന്നത്. നമ്മുടെ സ്ഥാനത്ത് നമ്മുടെ പാപങ്ങളെ വഹിച്ച് ഒഴിച്ച പകരക്കാരനും നമ്മിൽ വസിച്ചുകൊണ്ട് ജീവിത വിജയം വരിക്കുന്ന പകരക്കാരനുമാണ് ക്രിസ്തു. ദൈവമർമ്മമാകുന്ന ക്രിസ്തുവിൽ നമ്മുടെ ജീവിതത്തെ കാണുന്നത് നമ്മിൽ എത്രയോ വലിയ സ്വാതന്ത്ര്യം ഉളവാക്കുന്നു. ക്രിസ്തുവിനെ അധികമായി വെളിപ്പെട്ടു കിട്ടുന്നതിലാണ് ജീവിത വിജയം അടിസ്ഥാനപ്പെട്ടിരിക്കുന്നതെന്ന സത്യം നാം മുറുകെപ്പിടിച്ചാൽ അതു നമ്മെ പലവിധ കുഴച്ചിലുകളിൽ നിന്നും വിടുവിക്കും.

**പാപവും പാപങ്ങളും**

**നമ്മുടെ ഇരട്ട പ്രശ്നങ്ങളാണ്.** റോമാ ലേഖനം ഒന്നുമുതൽ അഞ്ചുവരെയുള്ള അദ്ധ്യായങ്ങൾ മനുഷ്യന്റെ പ്രവൃത്തിയിൽ പെടുന്ന പാപങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു. റോമർ 5:12 മുതൽ ഉള്ള രണ്ടാംഭാഗത്ത് പാപം ചെയ്യുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന മൂല തത്വമാണ് വിഷയമാക്കിയിരിക്കുന്നത്. പാപങ്ങൾക്ക് യേശുക്രിസ്തുവിലൂടെ ക്ഷമ സാദ്ധ്യമെങ്കിലും, ഒരുവനിൽ പാപം വാഴുന്നെങ്കിൽ അവന്റെ മനസ്സിൽ നിലനിൽക്കുന്ന സമാധാനം അനുഭവിക്കണമെന്നില്ല.

ഒരുവനിൽ ദൈവിക വെളിച്ചം ഉദിക്കുമ്പോൾ, അവൻ ചെയ്തുപോയ പാപങ്ങളെക്കുറിച്ചാണ് ആദ്യം ബോധവാനാകുന്നത്. മനുഷ്യൻ ചെയ്തുപോയ പാപങ്ങൾക്ക്, ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതൊരു വ്യക്തിക്കും, പരിഹാരം വരുത്തിക്കൊണ്ട് കർത്താവായ യേശുക്രിസ്തു ചരിത്രത്തിൽ ജഡാവതാരം എടുത്ത് മരിച്ച് ഉയിർത്തെഴുന്നേറ്റു. അങ്ങനെ ക്രിസ്തുവിലൂടെ പാപക്ഷമയുടെ അനുഗ്രഹം പ്രാപിച്ച്ക്രിസ്തീയ ജീവിതം ആരംഭിക്കുന്ന വ്യക്തി, വീണ്ടും പാപം ചെയ്തു പോകുന്ന ഒരു ആന്തരിക പ്രേരണയെക്കുറിച്ച് ബോധവാനാകുന്നു. അതാണ് ഒരുവനിൽ വസിക്കുന്ന പാപം. ക്രിസ്തുവിലൂടെ ലഭിച്ച പാപക്ഷമയുടെ അനുഗ്രഹം യാഥാർത്ഥ്യവും വ്യക്തവുമാണ്. എന്നിരുന്നാലും പിന്നെയും പാപം ചെയ്യുവാൻ ഇടയാകുന്നു. അതുമൂലം ക്രിസ്തീയജീവിത മുന്നേറ്റത്തിന് തടസ്സങ്ങൾ അനുഭവപ്പെടുന്നു. പാപക്ഷമ പ്രാപിക്കുക, വീണ്ടും പാപം ചെയ്യുക എന്ന വിഷമവൃത്തത്തിൽ ജീവിതം വട്ടം കറങ്ങുന്നതുപോലെ തോന്നുന്നു. യേശുക്രിസ്തുവിലൂടെ പാപക്ഷമ

പ്രാപിച്ച വ്യക്തിക്ക് പാപപ്രകൃതിയിൽ നിന്നുള്ള വിടുതലും അത്യാവശ്യമാണ്.

**ദൈവം നൽകിയിരിക്കുന്ന ഇരട്ട പ്രതിവിധി യേശുവിന്റെ കാൽവറിയിൽ ചൊരിഞ്ഞ രക്തവും ക്രൂശുമാണ്.**

റോമാ ലേഖനം ആദ്യഭാഗത്ത് യേശുക്രിസ്തു ക്രൂശിൽ ചൊരിഞ്ഞ തന്റെ പാപമില്ലാത്ത രക്തത്തിന്റെ പ്രയോഗമാണ് മുഖ്യമായും എടുത്തു കാണിച്ചിരിക്കുന്നത്. അത് നമ്മുടെ പാപങ്ങളുടെ മോചനത്തിനും നീതീകരണത്തിനുമായി കർത്താവ് ക്രൂശിൽ നിവർത്തിച്ച വേലയെ കാണിക്കുന്നു. യേശുവിന്റെ വിലയേറിയ രക്തം നമ്മുടെ പ്രായശ്ചിത്തദ്രവ്യമാണ് (റോമർ 3:5; 5:9). എന്നാൽ റോമാലേഖനം രണ്ടാംഭാഗത്ത് ക്രൂശിന്റെ ആഴമായ പ്രവർത്തനത്തെയാണ് വിവരിച്ചിരിക്കുന്നത്. അവിടെ ക്രിസ്തുവിനോടൊപ്പം എന്റെ പാപജഡം ക്രൂശിക്കപ്പെട്ടതാണ് മുഖ്യ വിഷയം. പഴയ മനുഷ്യൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്നതാണ് ഈ രണ്ടാം ഭഗത്തെ സംഗ്രഹം (റോമ 6:6). നാം ചെയ്ത പാപങ്ങൾക്ക് യേശുവിന്റെ പുണ്യാഹരക്തം പരിഹാരം വരുത്തുമ്പോൾ ക്രൂശ്, പാപം ചെയ്യുവാൻ പ്രേരിപ്പിക്കുന്ന നമ്മുടെ തേജസ്ക്കരണം പ്രാപിച്ചിട്ടില്ലാത്ത പാപ ജഡത്തെയാണ് കൈകാര്യം ചെയ്യുന്നത്. ഒരുവൻ ക്രിസ്തുവിലൂടെ ഒരു പുതിയ സൃഷ്ടി ആയി ത്തീർന്നാലും, അവന്റെ ജഡത്തിന്റെ തേജസ്ക്കരണം ക്രിസ്തുവിന്റെ മടങ്ങിവരവിൽ മാത്രമാണ് സംഭവിക്കുന്നത്. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തോട് ഒരുവൻ ഏകീഭവിക്കുന്നതോടെ, ക്രൂശു മൂലം നാം ക്രിസ്തുവിനോടൊത്ത് ക്രൂശിതരായി, പാപജീവിതത്തിൽ നിന്നും സ്വതന്ത്രരാകുന്നു (റോമ 6:7).

**നമ്മുടെ പാപങ്ങളുടെ പ്രശ്നം.**

നാം ചെയ്ത പാപങ്ങൾക്ക് പരിഹാരം ഉണ്ടാകേണം. അതിനായി ക്രിസ്തു നമുക്കു വേണ്ടി രക്തം ചിന്തി പരിഹാരം വരുത്തി. രക്തം ചൊരിഞ്ഞല്ലാതെ വിമോചനം ഇല്ല എന്ന ദൈവിക വ്യവസ്ഥ യേശു നമുക്കു വേണ്ടി രണ്ടായിരത്തിൽപ്പരം വർഷങ്ങൾക്കു മുമ്പു കാൽവറി ക്രൂശിൽ നിവർത്തിച്ചു (എബ്രാ 9:22). 'എല്ലാവരും പാപം ചെയ്തു' (റോമ 3:23). 'ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.തന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ശേഷമോ നാം അവനാൽ എത്രയധികമായി കോപത്തിൽ നിന്നും രക്ഷിക്കപ്പെടും' (റോമ 5:8,9). 'അവന്റെ കൃപയാൽ ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർ യേശുവിന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതികരിക്കുന്നവനും ആകേണ്ടതിന് ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നെ അങ്ങനെ ചെയ്തത്' (റോമ 3:24-26).

പാപം മനുഷ്യനെ ദൈവത്തിൽ നിന്നും അന്യപ്പെടുത്തുന്നു, ദൈവത്തിനും മനുഷ്യനും തമ്മിൽ കൂട്ടായ്മ സാദ്ധ്യമല്ലാതാക്കി തീർക്കുന്നു. മനുഷ്യനിലെ പാപം അവനിൽ അകൃത്യബോധമുളവാക്കി ദൈവത്തിൽ നിന്നും അന്യപ്പെട്ട അവസ്ഥയിലാക്കിയിരിക്കുന്നു. ദൈവ വെളിച്ചത്തിൽ മനുഷ്യ മനസാക്ഷി ഉണർത്തപ്പെടുമ്പോൾ ഞാൻ പാപം ചെയ്തു എന്ന് മനുഷ്യൻ ഏറ്റു പറയുന്നു (ലൂക്കോ 15:18). മാത്രമല്ല, സാത്താനും ദൈവമുമ്പാകെ മനുഷ്യനെ കുറ്റപ്പെടുത്തുവാൻ പാപം മൂലം വഴി ഒരുങ്ങുന്നു. ദൈവം സാത്താനെ രക്ഷിക്കുന്നതിനായി ഒന്നും തന്നെ ചെയ്തിട്ടില്ല. സാത്താന്റെ മേൽ ദൈവീകമായ മാറ്റമില്ലാത്ത ശിക്ഷയായ നരകം നിലനിൽക്കുന്നു. എന്നാൽ ദൈവം നിശ്ചയിച്ചിരിക്കുന്നതായ സമയം വരെ മനുഷ്യന്റെ പാപങ്ങളെ, പ്രത്യേകിച്ച് ദൈവമക്കളുടെ പാപങ്ങളെ ദൈവസന്നിധിയിൽ കടന്നു ചെന്ന് കുറ്റം ചുമത്തുവാൻ ദൈവം സാത്താന് അനുവാദം നൽ

ശേഷം പേജ് **11**-ൽ

# രക്തം ചൊരിഞ്ഞല്ലാതെ വിമോചനമില്ല

പാ. വി. എസ്സ്. വറുഗീസ്

സൃഷ്ടിയുടെ മകുടമായി ദൈവം സൃഷ്ടിച്ചാക്കിയ മനുഷ്യ കുലത്തിന്റെ പാപവിമോചനത്തിനായി അവനേക്കാൾ താണതായ നാല്ക്കാലികളുടെയും ഇഴജാതികളുടെയും പറവകളുടെയും രക്തം മതിയായതല്ല. ആദാമിൽ പാപികളായിതീർന്ന് ദൈവശിക്ഷയിൽ അകപ്പെട്ട മനുഷ്യന്റെ പാപമുള്ള രക്തച്ചൊരിച്ചിലും മനുഷ്യന്റെ പാപപരിഹാരത്തിന് ഉതകുന്നതല്ല. അതുകൊണ്ട് ത്രിത്വത്തിൽ രണ്ടാമനായ കർത്താവായ യേശുക്രിസ്തു പാപമൊഴികെ സകലത്തിലും മനുഷ്യനോട് സദൃശ്യനായി, കാലസമ്പൂർണ്ണതയിൽ കന്യകാ ജനനം എടുത്ത് പൂർണ്ണ മനുഷ്യനും പൂർണ്ണദൈവവുമായി ഈ ധരിത്രിയിൽ കടന്നുവന്ന് പാപമോചനത്തിന്റെ സുവിശേഷം പ്രസംഗിച്ച്, തന്റെ അവസാനതുള്ളി പാപമില്ലാത്ത രക്തം വരെയും മനുഷ്യവർഗ്ഗത്തിന്റെ പാപപരിഹാരത്തിനായി ചിന്തപ്പെടുകയുണ്ടായി (എബ്രാ 9:22). ദൈവത്തിന്റെ നീതിയും വിശുദ്ധിയും പാപത്തിന് പ്രായശ്ചിത്തമായി പാപരഹിതമായ ഒരു ജീവൻ ആവശ്യപ്പെടുന്നു. രക്തത്തിലാണ് ജീവൻ അടങ്ങിയിട്ടുള്ളത്. പാപമില്ലാത്ത കർത്താവായ യേശുക്രൂശിൽ നമ്മുടെ പാപങ്ങളെ വഹിച്ചുകൊണ്ട് നമുക്കു വേണ്ടി പ്രായശ്ചിത്തമായി രക്തം ചിന്തി മരിച്ചു. ഈ രക്തം മനുഷ്യന്റെ പാപപരിഹാരത്തിന് പൂർണ്ണമായും മറുവിലയായി ദൈവത്തിന് പൂർണ്ണ തൃപ്തി വരുത്തിയിരിക്കുന്നു. നാം ക്രിസ്തുവിലൂടെ രക്ഷയിലേക്ക് വരുന്നതിനു മുമ്പ് നമ്മുടെ മനഃസാക്ഷി നിർജ്ജീവമായിരുന്നു. രക്ഷ പ്രാപിച്ചതിനു ശേഷം ഉണർത്തപ്പെട്ട നമ്മുടെ മനഃസാക്ഷി സജീവമായിത്തീരുന്നു. ഇതുമൂലം ചില പ്രശ്നങ്ങൾ ഉളവാകുവാൻ സാദ്ധ്യതയുണ്ട്. പാപത്തെയും അകൃത്യത്തെയും പറ്റിയുള്ള ഉൾബോധം അത്ര ഭയാനകമായിത്തീർന്നിട്ട് രക്തത്തിന്റെ ശക്തിയെക്കുറിച്ച് സംശയം ജനിപ്പിച്ച് നമ്മെ തളത്തുവാൻ സാദ്ധ്യതയുണ്ട്. ചില പ്രത്യേക പാപങ്ങൾ പല സമയങ്ങളിലായി നമ്മെ അലട്ടുന്നതായി തോന്നും. അങ്ങനെ നമ്മുടെ പാപങ്ങൾ യേശുവിന്റെ



രക്തത്തിന്റെ വിശുദ്ധീകരണ ശക്തിക്ക് അതീതമാണെന്ന ഒരു ദുസൂചന നമ്മിൽ അവശേഷിപ്പിക്കും. എന്നാൽ നാം അപ്രകാരം ആയിരിക്കേണ്ട ആവശ്യമില്ല. യേശുവിന്റെ പാപമില്ലാത്ത രക്തത്തിന്റെ പ്രവർത്തനവിധം നാം ശരിയായി ഗ്രഹിച്ചിരിക്കേണം.

ക്രിസ്തുവിന്റെ രക്തത്തെയും അവന്റെ വിശുദ്ധീകരണശക്തിയെയും നമ്മുടെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ട് അനുഭവിച്ചറിയാൻ ശ്രമിക്കുന്നത് വലിയൊരു ഭോഷത്തമാണ്. ദൈവം തന്റെ വചനത്തിൽ രക്തത്തെക്കുറിച്ച് എന്തുപറയുന്നോ അതാണ് നാം മുറുകെ പിടിക്കേണ്ടത്. അതിനു പകരം നമുക്ക് അപ്പോഴപ്പോൾ ഉണ്ടാകുന്ന തോന്നലുകളാൽ അതിന്റെ മൂല്യനിർണ്ണയം നടത്തിയാൽ നാം ഇരുട്ടിൽ തപ്പുകയേയുള്ളു. ഇത് ദൈവവചനത്തിലുള്ള വിശ്വാസത്തിന്റെ വിഷയമാണ്. യേശുവിന്റെ രക്തം അത്രയ്ക്ക് വിലയേറിയതാണെന്ന് ദൈവം തന്റെ വചനത്തിലൂടെ പറയുന്നതിനാൽ നാം അത് അപ്രകാരം തന്നെ സ്വീകരിക്കേണ്ടതാണ് (1 പത്രോ 1:18,19). നമ്മുടെ വീണ്ടെടുപ്പ് ആ രക്തത്താൽ പൂർണ്ണമാക്കപ്പെട്ടിരിക്കുന്നെന്ന് ദൈവം പറയുമ്പോൾ ആ ഉറപ്പിന്മേൽ നമുക്ക് വിശ്രമിക്കാം. ദൈവം പരിശുദ്ധനും തന്റെ നീതി വിട്ട് പ്രവർത്തിക്കാത്തവനുമാണ്. ക്രിസ്തുവിന്റെ രക്തം ദൈവത്തിന് സ്വീകാര്യവും അത് അവന്റെനീതിയെ തൃപ്തിപ്പെടുത്തിയെന്നും

ദൈവവചനം വ്യക്തമാക്കിയിരിക്കുന്നതുകൊണ്ട് നാം ഇനിയും സംശയിക്കേണ്ട ആവശ്യമില്ല.

**രക്തവും വിശ്വാസിയുടെ പ്രവേശനവും**

ക്രിസ്തുവിന്റെ രക്തം ദൈവനീതിയെ തൃപ്തിപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ട് നമുക്കും തൃപ്തി പ്രാപിക്കുവാൻ അത് മതിയായതാണ്. അത് നമ്മുടെ മനസാക്ഷിയുടെ ശുദ്ധീകരണമാണ്. ദുർമനസാക്ഷി നീങ്ങുമാറ് യേശുവിന്റെ രക്തം തളിക്കപ്പെട്ട ഒരു ഹൃദയം നമുക്ക് ഉണ്ടായിരിക്കേണം (എബ്രാ 10:22). ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മുടെ ഹൃദയത്തിന്റെ കഴുകൽ കൊണ്ട് മാത്രം ഹൃദയത്തിന്റെ കാര്യം പരിഹരിക്കപ്പെടുന്നതല്ല. കാരണം ഹൃദയം ഇത്രമാത്രം കപടവും വിഷമുള്ളതുമാണ് (യിര 17;9). അതിനു പകരം ഒരു നവീനഹൃദയം തന്നെ നമുക്ക് ആവശ്യമാണ്. അതു തന്നെയാണ് കർത്താവ് വാഗ്ദാനം ചെയ്തതും. 'ഞാൻ നിങ്ങൾക്ക് പുതിയൊരു ഹൃദയത്തെയും നിങ്ങളുടെ ഉള്ളിൽ പുതിയൊരു ആത്മാവിനെയും നൽകും' (യെഹ 36:26).

ഞാൻ ദൈവത്തെ സമീപിക്കുമ്പോൾ എന്തോ ഒരു അസ്വസ്തതയും തടസ്സവും അനുഭവപ്പെടുന്നു. അത് എന്റെ അകൃത്യബോധം മൂലം ഉണ്ടാകുന്നതാണ്. പക്ഷെ സകല അകൃത്യങ്ങൾക്കും ക്രിസ്തുവിന്റെ രക്തം പരിഹാരം വരുത്തിയിട്ടുണ്ട്. ഈ സത്യം തിരുവചനത്തിൽ വെളിവാക്കിയിരിക്കുന്നു. ഞാൻ ഈ സത്യം വിശ്വസിച്ച് അംഗീകരിക്കുമ്പോൾ അകൃത്യബോധം നീങ്ങി എന്റെ മനസാക്ഷി ശുദ്ധമാകുന്നു. ഇനിമേൽ ദൈവിക ഇടപാടിൽ ഒരു ദുർമനസാക്ഷിയുള്ളവനായി ഞാൻ ഇരിക്കേണ്ട ആവശ്യമില്ല.

ദൈവീക ഇടപാടിൽ നമുക്ക് കുറ്റമറ്റ മനഃസാക്ഷി ഉണ്ടായിരിക്കുന്നത് വളരെ ഉത്തമമാണ്. വിശ്വാസമുള്ള ഒരു ഹൃദയവും കുറ്റമറ്റ ഒരു മനസാക്ഷിയും ഒരു ജയകരമായ വിശ്വാസ ജീവിതത്തിന് ആവശ്യമാണ്. ഇവ രണ്ടും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ മനഃസാക്ഷി നമ്മെ കുറ്റപ്പെടുത്തുമ്പോൾ ദൈവമുമ്പാകെ ധൈര്യപൂർവ്വം നിൽപ്പാൻ സാധിക്കായ്കയാൽ നമ്മുടെ വിശ്വാസവും ബലഹീനപ്പെടുന്നു. എന്നാൽ ക്രിസ്തുവിന്റെ രക്തത്തിന്റെ പ്രായശ്ചിത്തശക്തിയെക്കുറിച്ചുള്ള പരിജ്ഞാനം ലഭിച്ചാൽ ഈ വിപത്തിൽ നിന്നും നമുക്ക് ഒഴിവുള്ളവരാകുവാൻ കഴിയും. കർത്താവായ യേശുവിന്റെ പുണ്യാഹരക്തം നമ്മുടെ സകല അതിക്രമങ്ങൾക്കും പരിഹാരമാണ്. അതിന്റെ പ്രായശ്ചിത്ത ശക്തി ഒരു വിധത്തിലും ഒരിക്കലും മാറിപ്പോകുന്നില്ല. അനുദിനവും മണിക്കൂറും നിമിഷവും ആ രക്തത്താൽ നാം ദൈവത്തോട് സമീപസ്ഥരാക്കപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ അതിപരിശുദ്ധ സ്ഥലത്ത് എത്തിച്ചേരുവാൻ ഈ രക്തത്തിന് പകരമായി മറ്റൊന്നും തന്നെയില്ല.

ദൈവപുത്രന്റെ രക്തത്തിൽ ആശ്രയിച്ചാണോ നാം ദൈവസന്നിധിയിലേക്ക് പ്രവേശനം അന്വേഷിക്കുന്നത് എന്ന ചോദ്യത്തിന്റെ അർത്ഥം ഞാൻ എന്റെ പാപത്തെക്കുറിച്ച് ബോധവാനാകുന്നുഎന്നും, എനിക്ക് പ്രായശ്ചിത്തവും ശുദ്ധീകരണവും ആവശ്യമാണെന്നും ആയത് എനിക്ക് ക്രിസ്തുവിൽ ലഭിച്ചു കഴിഞ്ഞുമെന്നുമാണ്. അതുകൊണ്ട് ദൈവസന്നിധിയിൽ വരുന്നത് ക്രിസ്തുവിന്റെ രക്തത്താൽ മാത്രമാണെന്ന് ദൈവമുമ്പാകെ സമ്മതിച്ച് ഏറ്റുപറയുകയാണ് ആവശ്യമായിരിക്കുന്നത്. അവിടെ എന്റെ യോഗ്യതയോ, ഞാൻ ദൈവത്തിങ്കൽ നിന്ന് എന്തെങ്കിലും പ്രാപിച്ചതോ ഒരു വിഷയമേ ആകുന്നില്ല. ക്രിസ്തുവിന്റെ രക്തത്താൽ തുറക്കപ്പെട്ട പുതുവഴിയത്രെ എനിക്ക് എപ്പോഴും ആവശ്യമായിരിക്കുന്നത്. ശുദ്ധമനസാക്ഷി എന്നത് ക്രിസ്തുവിന്റെ രക്തത്തിൽ മാത്രം അടിസ്ഥാനപ്പെട്ടിരിക്കുന്ന ഒരു മഹൽ യാഥാർത്ഥ്യമാണ്.

മറ്റനേക ക്രിസ്തീയ അനുഭവങ്ങളിലും എന്നപോലെ ദൈവസന്നിധിയിലുള്ള നമ്മുടെ പ്രവേ

ശേഷം പേജ് **11**-ൽ

വേദപുസ്തക പംക്തി

# ചെറിയ പ്രവാചകരും വലിയ ദൗത്യവും

## ഹഗ്ഗായി - അന്തർപ്രചോദനത്താൽ പ്രവർത്തിച്ചവൻ

പ്രവാചകൻ പുതിയ ദൈവാലയത്തിന്റെ മഹത്ത്വത്തെപ്പറ്റി തറപ്പിച്ചു പറഞ്ഞു - ഈ ആലയത്തിന്റെ പിന്നത്തെ മഹത്ത്വം മുമ്പിലത്തേതിലും വലുതായിരിക്കും . ഈ വലിയ മഹത്ത്വം വന്നതു ശലോമോനേക്കാൾ വലിയവൻ വന്നപ്പോഴാണ് എന്ന് നമുക്ക് അറിയാം. അത് ക്രിസ്തു സമാരംഭിച്ച സഭയാകുന്ന തേജസ്സുള്ള ദൈവാലയത്തിലാണ്.

**4. മൂന്നാമത്തെ പ്രഖ്യാപനം (2:10-19)**
**അശുദ്ധിയുടെ സംക്രമണം**

മൂന്നുമാസത്തിനുശേഷം ഡിസംബറിൽ വീണ്ടും പ്രവാചകൻ ദൈവത്തിന്റെ അരുളപ്പാട് അറിയിച്ചു. അശുദ്ധിയുടെ സംക്രമണം ഉണ്ടായതിനെക്കുറിച്ചാണ് പരാമർശിക്കുന്നത്. വിശുദ്ധമായതിനോട് അശുദ്ധി കലർന്നാൽ അതും അശുദ്ധമാകും എന്ന വസ്തുത പ്രവാചകൻ വെളിപ്പെടുത്തി. അതൊരു ലോകസാധാരണമായ വസ്തുതയാണ്. സാംക്രമിക രോഗം അന്യരെയും ബാധിക്കുന്നു. ആരാധാന താത്പര്യം തങ്ങളെ വിശുദ്ധമാക്കുമെന്ന് ജനം വിചാരിച്ചു. എന്നാൽ അവരുടെ പാപം അവരെ മലിനപ്പെടുത്തുമെന്നും, അത് കൂടുതൽ വിശുദ്ധീകരണം ആവശ്യമാക്കുന്നു എന്നും പ്രവാചകൻ അറിയിച്ചു. മാത്രമല്ല, അവർ അനുതാപം കാട്ടുന്നില്ല എന്നതാണ് ഗർഹണീയമായ തെറ്റ് എന്നും പ്രസ്താവിച്ചു.

ദൈവാലയ നിർമാണത്തിൽ തങ്ങൾ ഔൽസുക്യം പ്രദർശിപ്പിച്ചിട്ടും അഭിവൃദ്ധി കൈവന്നില്ലല്ലോ എന്നു സാമാന്യ ജനങ്ങൾ വിചാരിച്ചു. പ്രവാചകന്റെ അറിയിപ്പ് അവർക്കു പ്രോത്സാഹനം നൽകി. ഈ ദിനം മുതൽ നിങ്ങൾ അനുഗൃഹീതരാകും (2:19). എല്ലാവിധത്തിലും ദൈവബന്ധം ധന്യമാണെന്നു പ്രവാചകൻ ഉറപ്പു നൽകുകയായിരുന്നു.

**5. നാലാമത്തെ പ്രസ്താവന (2:20-23)**
**പ്രക്ഷുബ്ധതയ്ക്കു ശേഷം, ശാന്തി**

ആ ദിവസം തന്നെ ദൈവം തന്റെ പ്രവാചകൻ മുഖാന്തരം പിന്നെയും അരുളപ്പാട് വെളിപ്പെടുത്തി. അതു സെരുബാബേലിനോടുള്ള ഒരു പ്രത്യേക ദൂതായിരുന്നു. വെളിപ്പാടു സാഹിത്യ രീതിയിലുള്ള ഒരു പ്രതിപാദനമായിട്ടാണു കാണപ്പെടുന്നത്. ദൈവം പറയുന്നു, ഞാൻ ജാതികളെ ഇളക്കും, അവരുടെ അധികാരം തുടച്ചു നീക്കും, സെരൂബാബേലിനെ പ്രത്യേകം തിരഞ്ഞെടുത്തു മുദ്രമോതിരമാക്കും - മശിഹായെക്കുറിച്ചുള്ള ഒരു ഭാവി പ്രവചനമായിട്ട് ഇതിനെ ചിലർ പരിഗണിക്കുന്നു. ഈ പ്രവചനത്തിൽ ജാതികളെ ഇളക്കുമെന്ന് നാലു പ്രാവശ്യം പറയുന്നു (2:6,7,21,22). പേർഷ്യൻ ഭരണാധികാരിയായ ദാര്യാവേശ് അധികാര പ്രാപ്തിക്കായി പല യുദ്ധങ്ങൾ നടത്തിയതായി ചരിത്രം പറയുന്നു. ആ ചിന്ത പ്രവാചകനെ ഭരിച്ചിരിക്കും. പ്രക്ഷുബ്ധതയ്ക്കു ശേഷം പ്രശാന്തി ഭവിക്കും എന്നു പ്രവാചകൻ അനുസ്മരിപ്പിച്ചു.

ആധുനിക കാലത്ത് ദേശീയമായ കോളിളക്കങ്ങൾ ആ ഗോളവ്യാപകമായി നാം കാണുന്നു. ആ സമയത്താണ്, നീതിക്കും സമാധാനത്തിനും അധിപനായ മശിഹായിലേക്കു കണ്ണുകൾ ഉയർന്നു പോകുന്നത്. നാം പ്രതീക്ഷിക്കുന്നതുപോലെ സമാധാന പ്രഭു വന്നു ചേരും. പക്ഷേ, സമയം നിശ്ചയമില്ല. അവൻ രാജാധിരാജാവും കർത്താധികർത്താവും അത്രേ. നമുക്കോ അവന്റെ മുമ്പിൽ ഹല്ലേലുയ്യാഗാനം ആലപിക്കുവാൻ പദവി ലഭിച്ചിരിക്കുന്നു.

**6. പ്രവാചകന്റെ പ്രകൃതി**

നിരാശാഭരിതരും, നിരുന്മേഷ നിരതരുമായ ജന സമൂഹത്തെയാണ് അദ്ദേഹം അഭിമുഖീകരിച്ചത്. എന്നാൽ പ്രവാചകൻ ആഹ്ളാദതിമിർ

ശേഷം പേജ് 11-ൽ

തുടർച്ച പേജ് 7-ൽ നിന്നും

കിയിരിക്കുന്നു. നമ്മുടെ അകൃത്യബോധം മൂലം സാത്താൻ നമ്മുടെ ഹൃദയത്തിലും കുറ്റവിധി നടത്തിക്കൊണ്ട് നീ പാപം ചെയ്തു എന്നു പറഞ്ഞ് നമ്മെ തളർത്തുവാൻ നോക്കുന്നു.

പാപം ദൈവോന്മുഖമായും സ്വായാത്മകമായും സാത്താന്മുഖമായും ചില പ്രശ്നങ്ങൾ ഉളവാക്കുന്നതിന് കാരണമാകുന്നു. ഈ ത്രിവിധ പ്രശ്നങ്ങൾക്കും പരിഹാരം വരുത്തുവാനാണ് കർത്താവായ യേശുക്രിസ്തു ക്രൂശിൽ രക്തം ചിന്തി മരിച്ചത്. യേശുക്രിസ്തുവിന്റെ രക്തത്തെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമായി ദൈവം സ്വീകരിച്ചുകൊണ്ട് ദൈവോന്മുഖമായ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ രക്തത്തിന്റെ അമൂല്യവിലയെ ദൈവം നമുക്ക് കാണിച്ചു തന്നുകൊണ്ട് അകൃത്യഭാരത്താൽ നട്ടം തിരിയുന്ന നമ്മുടെ മനസാക്ഷിയെ പൂർണ്ണസമാധാനത്തിലാക്കുന്നു. സാത്താന്റെ അപവാദത്തെ ജയിക്കുന്നതും യേശുവിന്റെ രക്തത്തിന്റെ മൂല്യ ശക്തിയിലുള്ള വിശ്വാസം ഏറ്റുപറഞ്ഞുകൊണ്ട് നാം ഉറച്ചു നിൽക്കുന്നതിലാണ് (വെളി 12:10,11). മനുഷ്യന്റെ പാപത്തിന്റെ ത്രിവിധ പ്രശ്നങ്ങൾക്കും യേശുക്രിസ്തുവിന്റെ രക്തം ഫലപ്രദമായ പരിഹാരമാണ്.

തുടർച്ച പേജ് 10-ൽ നിന്നും

പ്പിൽ തുള്ളിക്കളിക്കുന്നവനും മറ്റുള്ളവരെ കർമോത്സുകരാക്കുവാൻ പ്രചോദനം നൽകുന്നവനുമായി കാണപ്പെടുന്നു. ഈ പ്രവചനസാരാംശം ഒരു വാക്യത്തിൽ പറയാം: മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ; അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു കിട്ടും (മത്താ.6:33). സൈന്യത്താലല്ല ശക്തിയാലുമല്ല എന്റെ ആത്മാവിനാലത്രേ എന്ന ദൈവീക സന്ദേശം നാം ഹഗ്ഗായിയിൽ ദർശിക്കുന്നു.

തുടർച്ച പേജ് 9-ൽ നിന്നും

ശനത്തിനും രണ്ടു ഘട്ടങ്ങളുണ്ട്. അതിനെ പ്രാരംഭമായതും പുരോഗമനപരമായതും എന്നു പറയാം. ആദ്യത്തേത് എഫേ 2:13ലും രണ്ടാമത്തേത് എബ്രാ 10:19-22ലും കാണുന്നു. നാം ക്രിസ്തുവിന്റെ രക്തത്താൽ ദൈവത്തോട് സമീപസ്ഥരായിത്തീർന്നിരിക്കുന്നെന്ന് എഫേസ്യ ലേഖനത്തിൽ പറയുമ്പോൾ, പ്രവേശനത്തിന് ധൈര്യമുള്ളതിനാൽ ദൈവസന്നിധിയിലേക്ക് അടുത്തു ചെല്ലുവാൻ എബ്രായ ലേഖനം ഉൽബോധിപ്പിക്കുന്നു. യേശുവിന്റെ രക്തത്താൽ നമ്മെ ദൈവത്തോട് അടുപ്പിച്ചുകൊണ്ടാണ് ദൈവമക്കൾ എന്ന ആരംഭമിടുന്നത്. പക്ഷെ അതിൽത്തുടരുന്നതും രക്തത്തിലുള്ള ആശ്രയത്തിലാണ്. നമ്മിൽ അനേകരുടെയും പ്രശ്നങ്ങൾക്കു കാരണം ഈ അടിസ്ഥാന പ്രമാണത്തിൽ നിന്നു അകന്നു മാറുന്നതാണ്. നാം വളരെ പുരോഗമിച്ചു കഴിഞ്ഞു; ഇനിയും ഈ പ്രമാണം ഒഴിവാക്കാമെന്ന് ചിലർ ധരിക്കുന്നു. പക്ഷെ അതു സാദ്ധ്യമല്ല. ആദി മുതൽ അവസാനം വരെയും യേശുവിന്റെ രക്തം എന്ന ഒരേ ഒരു അടിസ്ഥാനത്തിൽ മാത്രമാണ്, നമുക്ക് ദൈവത്തിങ്കലേക്ക് പ്രവേശനമുള്ളത്.

വിശ്വാസികളെ ദൈവസന്നിധിയിൽ കുറ്റപ്പെടുത്തുന്ന അപവാദിയായ സാത്താനെ നാം അറിയുന്നു (വെളി 12:10). എന്നാൽ കർത്താവായ യേശു പിതാവിന്റെ വലത്തു ഭാഗത്ത് നമുക്കു വേണ്ടി വാദിക്കുന്ന കാര്യസ്ഥനായി നിലയുറപ്പിച്ചിട്ടുണ്ട് (എബ്രാ 9:12). മനുഷ്യന്റെ പാപം മൂലം സാത്താന് മനുഷ്യരിൽ ഇടം ലഭിച്ചു. അതുകൊണ്ട് ദൈവത്തിന് മനുഷ്യരിൽ നിന്നും അകന്നു നിൽക്കേണ്ടിവന്നു. മനുഷ്യൻ ദൈവതേജസ്സിൽ നിന്നും അന്യപ്പെട്ടു (റോമ 3:23), ഇപ്പോഴാകട്ടെ യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത രക്തം അതിന് പരിഹാരം വരുത്തിയിരിക്കുന്നു. ദൈവത്തിനും മനുഷ്യനും തമ്മിൽ ബന്ധപ്പെടുന്നതിനുള്ള തടസ്സം അങ്ങനെ മാറിയിരിക്കുന്നതിനാൽ ഇരു കൂട്ടരും സമാധാനത്തിലായിരിക്കുന്നു, ഈ ഭാഗ്യകരമായ പദവിയിലേക്ക് ക്രിസ്തുവിലൂടെ തന്റെ രക്തത്താൽ എത്തിച്ചേരുന്നതിന് ഏവർക്കും ഇടയാകട്ടെ. *

# ഭയത്തിന്റെ വെല്ലുവിളി

ഇവാ. സി. ജെ. സഖറിയ

ഭയം എന്ന പ്രയോഗത്തിനെതിരെ നമുക്ക് പോരാട്ടമുണ്ട്. പേടിപ്പെടുത്തുന്ന നീക്കങ്ങളിലൂടെ അവൻ നമ്മെ ചവിട്ടി മെതിച്ച് കടന്നുപോകുവാൻ തക്കവണ്ണം നാം നിഷ്ക്രിയരും, എതിർപ്പില്ലാത്തവരുമായി ഉന്മേഷമില്ലാതെ ആയിരിക്കുവാൻ പാടില്ല. 1 ശമുവേൽ 17-ാം അദ്ധ്യായത്തിൽ വളരെ ശ്രദ്ധേയമായ ഒരു സംഭവത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ഫെലിസ്ത്യർ ഇപ്പുറത്ത് മലഞ്ചരിവിലും യിസ്രയേല്യർ അപ്പുറത്ത് ഒരു മലഞ്ചെരുവിലും നിന്നു, അവരുടെ മദ്ധ്യേ ഒരു താഴ്വരയുണ്ടായിരുന്നു (17:3). ഫെലിസ്ത്യരുടെ വീരനായ മല്ലനായ ഗോല്യാത്ത് തന്നോട് പോരാടുവാനുള്ള വെല്ലുവിളി യിസ്രയേലിന്റെ മേൽ ഉയർത്തുന്നു. ഞാൻ ഇന്ന് യിസ്രയേൽ നിരകളെ വെല്ലുവിളിക്കുന്നു. ഞങ്ങൾ തമ്മിൽ അങ്കം പൊരുതേണ്ടതിന് ഒരുവനെ വിട്ടുതരുവിൻ. ഫെലിസ്ത്യന്റെ ഈ വാക്കുകൾ കേട്ടപ്പോൾ ശൗലും എല്ലാ യിസ്രയേല്യരും ഏറ്റവും ഭ്രമിച്ച് ഭയപ്പെട്ടു. പിന്നീട് ദാവീദ് സൈനിക താവളത്തിൽ എത്തി ചേർന്നപ്പോൾ അവനും ഗോല്യാത്തിന്റെ ഈ വാക്കുകൾ കേട്ടു. എന്നാൽ അവനെ കണ്ടപ്പോൾ യിസ്രയേല്യരൊക്കെയും ഏറ്റവും ഭയപ്പെട്ടു. അവന്റെ മുമ്പിൽ നിന്നും ഓടിപ്പോയി. അവരുടെ ഈ പ്രതികരണം ദാവീദ് ശ്രദ്ധിച്ചു.

ദാവീദ് ഗോല്യാത്തിന്റെ വെല്ലുവിളിക്കെതിരെ ശബ്ദമുയർത്തിയപ്പോൾ അവന്റെ മൂത്ത സഹോദരൻ ഏലിയാബ് അവനെ കളിയാക്കുകയാണ് ചെയ്തത്. എന്നാൽ ദാവീദ് നിരാശനായില്ല. ദാവീദ് ഈ സാഹചര്യത്തിൽ കർത്താവിൻ വിടുതലിൻ ദൗത്യത്തെയാണ് പ്രതിനിധാനം ചെയ്തത്. അതുകൊണ്ട് അവൻ ഭ്രമിച്ചു പോയില്ല. യിസ്രയേലിൽ നിന്ന് നിന്ദ നീക്കിക്കളയുവാൻ ഉള്ള ദൈവികമുഖാന്തരമായി ഈ രംഗത്തെ ആക്കി തീർക്കുന്നതിന് ദാവീദ് തയ്യാറായിരുന്നു. അതുകൊണ്ടാണ് അവൻ ഗോല്യാത്തിന്റെ മേൽ ജയം നേടാനാവുമെന്ന തന്റെ ഉറച്ച വിശ്വാസം ഓരോരുത്തരോടായി ഉറപ്പിച്ചു പറഞ്ഞത്. അവസാനം അവന്റെ വാക്കുകൾ ശൗൽ രാജാവിന്റെ മുമ്പിൽ ആവർത്തിച്ചപ്പോൾ ശൗൽ ദാവീദിനെ വിളിപ്പിച്ചു. ഇവന്റെ നിമിത്തം ആരും ഭയപ്പെടേണ്ട. അങ്ങയുടെ ഈ ദാസൻ ചെന്ന് ഈ ഫെലിസ്ത്യനോട് അങ്കം പൊരുതും എന്ന് ദാവീദ് രാജാവിന് ഉറപ്പു കൊടുത്തു. എന്നാൽ ദാവീദിന്റെ ശാരീരിക ആകാരത്തിൽ ശൗൽ രാജാവ് തൃപ്തനായില്ലെന്നു മാത്രമല്ല, ഗോല്യാത്തുമായുള്ള അങ്കത്തിൽ ദാവീദിന് എന്തെങ്കിലും വിജയസാദ്ധ്യതയുണ്ടെന്ന് അദ്ദേഹം കരുതിയതുമില്ല.

**സാക്ഷ്യത്തിന്റെ ശക്തി.** ദാവീദിന് തന്റെ ജീവിതത്തിൽ ദൈവത്തോട് ചേർന്നു നടന്ന്, ദൈവത്തെ ആരാധിച്ച്, ദൈവകൃപയും ദൈവാത്മശക്തിയും തക്കസമയത്ത് വെളിപ്പെട്ട ഒരു സാക്ഷ്യമുണ്ടായിരുന്നു. ഈ സാക്ഷ്യം ദാവീദ് മറച്ചുവെക്കാതെ, താൻ രാജാവിനോട് വെളിപ്പെടുത്തുകയുണ്ടായി. ദാവീദ് തന്റെ പിതാവിന്റെ ആട്ടിൻപറ്റങ്ങളെ സംരക്ഷിച്ചു കഴിഞ്ഞിരുന്ന സന്ദർഭത്തിൽ ഒരു കരടിയും, ഒരു സിംഹവും അവന് എതിർപ്പെട്ടു. ദൈവം അവനു നൽകിയ ശക്തിയാൽ അവൻ ആ കരടിയെയും സിംഹത്തെയും കീഴടക്കി. ജീവനുള്ള ദൈവത്തിന്റെ സൈന്യങ്ങളെ ആഗ്രചർമ്മിയായ ഫെലിസ്ത്യൻ നിന്ദിച്ചതുകൊണ്ട്, അവന്റെ ഗതിയും ഇതുപോലെ ആയിത്തീരുമെന്ന് ദാവീദ് വിശ്വാസത്തിന്റെ വാക്കുകൾ ഉരുവിടുകയുണ്ടായി. ദാവീദ് വിശ്വാസമർപ്പിച്ചത് തന്റെ ബ

ലത്തിലായരുന്നില്ല, കർത്താവിന്റെ അതിമഹത്തായ ശക്തിയിലായിരുന്നു. ദാവീദ് ഫെലിസ്ത്യനോട് അടുത്തത് ജീവനുള്ള യഹോവയുടെ നാമത്തിലായിരുന്നു.

ഏലിയാബിന്റെയും ശൗൽ രാജാവിന്റെയും ഗോല്യാത്തിന്റെയും വീക്ഷണത്തിൽ ദാവീദ് ഒരു ജേതാവായിരുന്നില്ല. എന്നാൽ ദൈവത്തിന്റെ കൃപയാലും കഴിവിനാലും താൻ ഒരു ജയാളിയെക്കാളും വലിയവനാണെന്ന് അവന് അറിയാമായിരുന്നു. ദാവീദ് ഇപ്രകാരമാണ് സംസാരിച്ചത്. ഭയത്തെ കീഴടക്കുവാൻ ദൈവത്തിന്റെ കഴിവിനെക്കുറിച്ചുള്ള നമ്മുടെ വെളിപ്പെടുത്തലിൽ നാം ധീരരായിരിക്കേണം. ഭയമെന്ന സംഗതിയെപ്പറ്റി ദൈവം എന്ത് ഉരചെയ്യുന്നുവോ അത് നാം പറയേണം. നാം ദൈവത്തോട് യോജിക്കുകയും സാത്താനോട് വിയോജിക്കുകയും ചെയ്യേണ്ടത് ഭയത്തിന്റെ വെല്ലുവിളികളെ എതിരിടുന്നതിനും വിജയം പ്രാപിക്കുന്നതിനും അത്യന്താപേക്ഷിതമാണ്.

**വാക്കുകളുടെ കൂടെ പ്രവർത്തിയും ആവശ്യമാണ്.**

തന്നെ എതിർത്തവരോടൊക്കെ ദൃഢമായ വാക്കുകൾ പറയുന്നവൻ മാത്രമായിരുന്നില്ല, പ്രവർത്തന നിരതനായ ഒരുവനും കൂടെയായിരുന്നു ദാവീദ്. നമ്മുടെ വിശ്വാസത്തിന്റെ പരസ്യപ്രഖ്യാപനം വിജയപ്രാപ്തിയുടെ മുന്നോടിയാണ്. നമ്മുടെ വാക്കുകൾ പ്രവർത്തിക്കു മുന്നിലായി നീങ്ങണം. നമ്മിൽ നിന്നും പുറപ്പെടുന്ന വാക്കുകൾ, ധീരമായ നടപടികൾക്കായി നമ്മെ ഉത്തേജിപ്പിക്കുകയും ഉണർത്തുകയും ചെയ്യുന്നു എന്നതൊരു വാസ്തവമാണ്. അതുകൊണ്ട് പ്രവർത്തിക്കേണ്ട സമയമായപ്പോൾ ദാവീദ് തിടുക്കത്തിൽ ഫെലിസ്ത്യനു നേരെ ഓടി. അവന്റെ ഹൃദയത്തിൽ അവന് അറിയാമായിരുന്നു ദൈവം അവന് വിജയം നൽകുമെന്ന്. തന്റെ ഏറ്റുപറച്ചിലിലൂടെ ദൈവം എന്താണ് ഫെലിസ്ത്യന്റെ മേൽ പ്രവർത്തിക്കുവാൻ പോകുന്നതെന്ന് ദാവീദ് പ്രസ്താവിച്ചു. അതിനുശേഷം ആയതിന്റെ നിവർത്തിക്കായി, തന്റെ പ്രവർത്തനത്തിൽ, ആത്മവിശ്വാസത്തോടെ അവസരത്തിനൊത്ത് അവൻ ഉയർന്നു. തന്റെ കയ്യിലുള്ള മിനുസമുള്ളകല്ല് ഫെലിസ്ത്യന്റെ തിരുനെറ്റിയിൽ പതിയുന്നതിനും, അവന്റെ ശിരസ്സ് അറുത്തുമാറ്റുന്നതിനും യിസ്രയേൽ ജനം ജയം വരിക്കുന്നതിനും ഇടയായി. ഭയത്തിൽ നിന്ന് ദൈവമക്കൾക്ക് മോചനമുണ്ട്. ഭയത്തിന്റെ വെല്ലുവിളികളെ ദാവീദിനെപ്പോലെ യേശുവിന്റെ നാമത്തിൽ അതിജീവിക്കുന്നതിന്, യേശുഭയത്തിന്റെ ഉറവിടമായ സാത്താന്റെ തലയെ കാൽവറിയിൽ തകർത്ത്, മരണത്തിന്മേലും, പാതാളഗോപുരങ്ങളുടെ മേലും ജയഭേരി മുഴക്കുകയുണ്ടായി. അങ്ങനെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ജീവനും സമൃദ്ധിയായ ജീവനും നിത്യജീവനും ലഭ്യമായിരിക്കുന്നു.

നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ, രക്ഷകനിൽ അഭയം തേടുക. ഭയം ദൈവപൈതലിനെയും ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ നേരിട്ടെന്നു വരാം. എന്നാൽ ഒരു ദൈവപൈതൽ തനിയെ ഭയത്തെ നേരിടേണ്ട ആവശ്യമില്ല. അവന് കർത്താവായ യേശുക്രിസ്തുവെന്ന മനുഷ്യവർഗ്ഗത്തിന്റെ ഏകരക്ഷകനുണ്ട്. ക്രിസ്തുവിലൂടെ ദൈവമക്കളായി തീർന്നവർക്ക് ലഭിക്കുന്നത് ഒരു സിദ്ധാന്തമല്ല പ്രത്യുത പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമായ മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കായി യാഗമായി തീർന്ന്, മൂന്നാം ദിവസം ഇനിയും ഒരിക്കലും മരണമില്ലാത്ത പുനരുത്ഥാന ശരീരത്തോടെ ഉയിർത്തെഴുന്നേറ്റ് എല്ലാ നാളും കൂടെയിരിക്കുന്ന കർത്താവായ യേശുക്രിസ്തുവിനെയാണ് ലഭിച്ചിരിക്കുന്നത്. യേശുവിന്റെ രക്തം കൊണ്ട് തങ്ങളുടെ പാപങ്ങൾക്ക് കഴുകൽ പ്രാപിക്കുവാനായി, തങ്ങളുടെ പാപങ്ങളെ യേശുവിനോട് ഏറ്റുപറഞ്ഞ്, യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ച് ദൈവവചനപ്രകാരം പരിശുദ്ധാത്മ ശക്തിയിൽ ത

ശേഷം പേജ് 17-ൽ

# THE COMING EARTHLY KINGDOM OF JESUS CHRIST

We're going to look at the book of Revelation, chapters 19 and 20 by way of an overview. We are now embarking on a new section of the book of Revelation that starts really with the return of Jesus Christ, the establishment of His millennial kingdom, and then the new heaven and the new earth which is the eternal state. This is the last great section in the book of Revelation. And we'll go through it carefully and thoughtfully and look at every part of it, as we have all the way through this tremendous book.

Can you imagine a world where justice always prevails? Where righteousness is the rule? Where goodness dominates? Where everything is fair and equitable? Can you imagine a world where there is peace, total and lasting peace? Can you imagine a world where there is joy and happiness? Can you imagine a world where health is so widespread that if someone dies at a hundred years of age, they will be said to die as a child? Can you imagine a world where children can play in snake pits and find the snakes friendly and the snakes will find the children friendly? Can you imagine a world where lions and lambs will walk together with bears and cows? And the whole menagerie be led by a little child?

Can you imagine a world where food is profusely plentiful, even though the globe is experiencing the greatest population explosion ever? Can you imagine a world that is ruled by one person, the whole world? One perfect mind, one perfect will, one who enacts perfect judgment, perfect wisdom, perfect justice, a loving perfect ruler? Can you imagine a world where all of the rulers and leaders and politicians who are in charge are saints? Can you imagine a world that is basically without rebels because they're judged instantaneously with a rod of iron?

You don't have to imagine it because that is the world described in the Scripture as the kingdom to come. That is the new world promised by God in the Bible and it is coming. From the remotest point of antiquity, men have longed for and talked about a golden age, a utopia, an age of peace and justice and righteousness, a time when oppression and war will cease. Poets have written about it. Folk singers still sing about it. Politicians promise it. Prophets predict it. Most people cry for it. And no one brings it.

There is, however, such a world coming. And it will be brought at the return of the Lord Jesus Christ. It will be a kingdom the likes of which men have never even dreamed, though they have dreamed much. It will be a utopia beyond all utopia and understanding and comprehension. It will be a true age of blessedness.

Now this period of time to come is called by many titles. In Matthew 19:28 it is called the "regeneration." It's a time of new birth, new life. In Acts 3:19 it is called the times of refreshing. And also in verse 21 of Acts 3, the times of restitution when everything goes back to being the way it's supposed to be.

Ephesians 1:10 designates it as a time of fullness. Philippians 1:6 identifies it as the day of Christ. It is paradise regained.

Now in the biblical doctrine of the Kingdom of God we really have the Christian philosophy of history from start to finish. In this world as we know it, the Christian understanding of history culminates in an earthly kingdom in which God rules through Christ. When we talk about that kingdom, here's what we're talking about. Let me give you a definition...the sovereign rule of God manifested directly on earth through the person of Jesus Christ. I'll say it again...the sovereign rule of God manifested directly on earth through the person of Jesus Christ. That is the kingdom to come.

continued on page 18

ജീവചരിത്രപംക്തി

# ചാൾസ് സ്പർജൻ

## നവീകരണവാദിയായ സ്പർജൻ



സ്പർജന്റെ അവസാന നാളുകളിൽ ശുശ്രൂഷ ആരംഭിക്കുന്നതിനു മുമ്പായി താൻ നിരുല്ലാസവാനായി കാണപ്പെടുക പതിവായിരുന്നു. നിരുന്മേഷമായ നയനങ്ങളോടെ, മുറുകെയടച്ച അധരങ്ങളോടെ. എന്നാൽ താൻ പ്രസംഗിക്കാനായി എഴുന്നേറ്റു കഴിഞ്ഞാൽ തന്റെ വിഷയം ചൂടുപിടിച്ചു കഴിഞ്ഞാൽ, ആ കണ്ണുകൾ ഒടുവിൽ അഗ്നി ജ്വാല വർഷിക്കുന്നതുവരെ അങ്ങനെ പ്രകാശിച്ചുകൊണ്ടിരിക്കും. ആ മുഖഭാവം അങ്ങനെ മാറിക്കൊണ്ടേയിരിക്കും.

സമ്പ്രദായങ്ങളുടെ മാറാലകളെ താൻ തൂത്തുമാറ്റുകയാണെന്ന ആശയം സ്പർജനെ നന്നേ സുഖിപ്പിക്കുന്ന ഒന്നായിരുന്നു. ഞാൻ പറയുന്നത് മനസ്സിലാക്കാനുള്ള കഴിവ് നിങ്ങൾക്കില്ല എന്നും പറഞ്ഞ് സ്കോട്ട്ലന്റിലെ ജനങ്ങളെ അദ്ദേഹം ഞെട്ടിച്ചു കളഞ്ഞു. തലയും കുത്തി നിന്നു പ്രസംഗിച്ചാൽ നിങ്ങൾ മാനസാന്തരപ്പെടുമെന്ന് ഉറപ്പു തന്നാൽ താൻ അങ്ങനെ ചെയ്യാമെന്ന് അദ്ദേഹം തന്റെ കേൾവിക്കാരോട് വിളിച്ചു പറയുകയുണ്ടായി. താൻ ഒരു വിടുവായനാണെന്ന ആരോപണം ഉയർന്നപ്പോൾ സ്പർജൻ ഇപ്രകാരം പ്രതിവചിച്ചു: ‘അയവില്ലാത്തവനായിരിക്കുക എന്നതാണ് എന്റെ തത്ത്വം. ഒരാൾക്കും ഞാൻ കീഴ്പ്പെട്ടില്ല’. കാലത്തിന്റെ നിയമങ്ങളാൽ ബന്ധിതനാക്കപ്പെടുവാനും കൂട്ടിലടയ്ക്കപ്പെടാനും താൻ വിസമ്മതിച്ചു. തന്നെ ‘റവറന്റ്’ എന്നോ, ‘പാസ്റ്റർ’ എന്നോ അഭിസംബോധന ചെയ്യുന്നതിൽ സ്പർജൻ ഒരിക്കലും സംതൃപ്തനായിരുന്നില്ല.

താൻ ലണ്ടനിൽ വരുന്ന കാലത്ത് നോൺ കൺഫോമിസ്റ്റ് സഭാ ശുശ്രൂഷകന്റെ പാരമ്പര്യവേഷം കറുത്ത നീളൻ ഫ്രേക്ക് കോട്ടും കഴുത്തിൽ ഒരു നാടയും പട്ടുതൊപ്പിയും മറ്റുമായിരുന്നു. അതിവേഗം സ്പർജൻ ഈ പാരമ്പര്യ ഉടയാടകളോട് വിടപറഞ്ഞ് മുൻ ഭാഗം തുറന്നു കിടക്കുന്ന താഴോട്ടു വളഞ്ഞ കോളറോടുകൂടിയ ഒരു മേൽക്കുപ്പായം ധരിക്കാൻ തുടങ്ങി. വിരോധഭാസമെന്നു പറയട്ടെ, വിമർശനങ്ങളുടെ ഒരുകൊടുങ്കാറ്റു തന്നെ ഇളക്കിവിട്ട ഈ വിപ്ലവകാരി കുപ്പായം കാലക്രമത്തിൽ ഫ്രീ ചർച്ച് സഭാശുശ്രൂഷകരുടെ അംഗീകൃത അംശവസ്ത്രമാക്കി തീർത്തു.

പ്രസംഗപീഠത്തെ പ്രസംഗവേദിയാക്കി മാറ്റിയതായിരിക്കും ഒരു പക്ഷേ സ്പർജന്റെ ഏറ്റവും വിപ്ലവകരമായ നവീകരണം. പ്രസംഗപീഠത്തിന്റെ ആചാര്യമര്യാദകളോടുള്ള തന്റെ കടുത്ത അനാദരവാൽ താൻ ലണ്ടനെ ആശ്ചര്യപ്പെടുത്തുകയുണ്ടായി. അകൃത്യക്കാരനോട് ‘നീ ആകുന്നു ആ മനുഷ്യൻ’ എന്നു പറഞ്ഞ പ്രവാചകന്റെ ശൈലിയിൽ വ്യക്തിപരമായി ഓരോരുത്തരോടും നേരിട്ടു സംസാരിക്കുന്നപോലുള്ള ഒരു രീതിയാണ് താൻ തിരഞ്ഞെടുത്തത്. താൻ എന്താണ് അർത്ഥമാക്കുന്നത് എന്നതിനെപ്പറ്റി സാധാരണക്കാരനു പോലും ഒരു സംശയമുണ്ടാവാനിടയില്ലായിരുന്നു. ചില പ്രഭാഷകരുടെ അവ്യക്തമായ സന്ദിഗ്ധാർത്ഥ പ്രയോഗങ്ങൾ - ഇവയ്ക്ക് ഓരോന്നിനും ഏറ്റവും കുറഞ്ഞത് അരഡസൻ ദുർവ്യാഖ്യാനങ്ങളെങ്കിലുമുണ്ടായേക്കാം - നീക്കുപോക്കില്ലാത്ത ഒരു കൂർത്ത അർത്ഥപ്രയോഗസങ്കേതത്തിനു വഴിമാറിക്കൊടുത്തു.

ഈ പുതുസ്വരം കേൾക്കാൻ ഉത്സുകരായി തടിച്ചു കൂടുന്നവരെ ഉൾക്കൊള്ളാൻ ന്യൂപാർക്ക്സ്ട്രീറ്റ് പള്ളിക്ക് അതിന്റെ സ്ഥലപരിമിതി മൂലം കഴിയുമായിരുന്നില്ല. ഓരോ ഞായറാഴ്ചയും അതിനു മുമ്പിലുള്ള വഴിയിലൂടെയുള്ള വാഹനഗതാഗതം നിയന്ത്രിക്കപ്പെട്ടിരുന്നു. പള്ളി ഒരല്പം കൂടി വികസിപ്പിക്കുന്നതിനെക്കുറിച്ച് അതിന്റെ നടത്തിപ്പുകാർ ആലോചനകൾ നടത്തുവാൻ തുടങ്ങിയിരുന്നു. മതകാര്യങ്ങൾക്കായുള്ള പത്രങ്ങളും പ്രസിദ്ധീകരണങ്ങളും സ്പർജനെ അവഗണിക്കാൻ കഴിയാവുന്നത്ര ശ്രമിച്ചു. പക്ഷേ, മതേതരമായ ചിലതിന്റെ പുസ്തകങ്ങളിൽ സ്പർരജനെ നീതിനിഷ്ഠയോടെ രേഖപ്പെടുത്തി.

*

# കുടിച്ചു പായുന്ന കേരളം

*തുടർച്ച ...*

## മുഴുക്കുടിയിലേക്കുള്ള വഴിമുടക്കം

മദ്യപാനരോഗത്തിന്റെ ആദ്യ സുചനകൾ കാണുമ്പോൾ തന്നെ ലഹരിയിൽ നിന്നു അകന്നു നിൽക്കാൻ ശീലിച്ചില്ലെങ്കിൽ അപകടമാണ്. മുഴുക്കുടിയിലേക്ക് വഴുതി വീഴാനിടയുള്ള തരത്തിലുള്ള മദ്യപാന രീതികളെയും പ്രലോഭനസാഹചര്യങ്ങളെയും തിരിച്ചറിയണം, ചെറുക്കണം. അയാളുടെ കൺപോളകൾ തടിച്ചു വീർത്തിരുന്നു. മുഖം കരുവാളിച്ചിരുന്നു. കൈകൾ വല്ലാതെ വിറയ്ക്കുന്നുണ്ടായിരുന്നു. ശ്വാസോച്ഛ്വാസം ഒരു മടുപ്പിക്കുന്ന ഗന്ധം ഉയർത്തുന്നുണ്ടായിരുന്നു. തലേദിവസം വരെ അയാൾ മൂക്കറ്റം മദ്യപിച്ചിരുന്നു. ഭാര്യയും അമ്മയും സുഹൃത്തുക്കളും ഒക്കെ ചേർന്ന് അയാളെ നിർബന്ധപൂർവ്വം ചികിത്സയ്ക്ക് കൊണ്ടുവന്നിരിക്കുകയാണ്. നന്നെ ചെറുപ്പത്തിൽ തുടങ്ങിയകുടിയാണ്. മദ്യത്തിൽ നിന്നു ലഭിക്കാവുന്ന എല്ലാ ആരോഗ്യ പ്രശ്നങ്ങളും മുപ്പത്തിയഞ്ചു വയസ്സുള്ള ഇയാളെ പിടികൂടിയിരുന്നു. എങ്ങനെയെങ്കിലും ഈ മുടിഞ്ഞ കുടി നിർത്തി തരണം എന്ന് സങ്കടത്തോടെ ബന്ധു മിത്രാധികൾ ആവശ്യപ്പെടുകയാണ്.

പലതരം ചികിൽസകൾ അവർ പയറ്റി നോക്കി. രണ്ടോ, മൂന്നോ മാസത്തിനകം അയാൾ വീണ്ടും മുഴുക്കുടിയിലേക്ക് വഴുതി വീഴും. മറ്റുള്ളവർ പറയുന്നത്രയും താൻ കുടിക്കാറില്ലെന്നും, താൻ അഡിക്റ്റ് അല്ലെന്നും, ചികിൽസിക്കാതെ തന്നെ നിഷ്പ്രയാസം നിർത്താമെന്നും; മര്യാദയ്ക്ക് ഭക്ഷണം കഴിക്കാതെ കുടിച്ചതുകൊണ്ടാണ്. ഇനി ശ്രദ്ധിച്ചോളാം; കുടിച്ചോളാം.... എന്നൊക്കെ ഈ വ്യക്തി ഡോക്ടറോട് സംസാരിക്കുന്നു.

നിർത്താമെന്ന പറച്ചിലിനിടയിലുടെ മദ്യത്തിനോട് വിടചൊല്ലാനുള്ള ഒരു വിമുഖത പ്രകടമാകുന്ന ശൈലിയിലാണ് പ്രതികരണങ്ങൾ, കൂട്ടുകൂടുമ്പോൾ ഒരു രസത്തിനായി തുടങ്ങിയതാവാം ഈ ശീലം. സ്വന്തം വീട്ടിലെ വിശേഷവേളകളിൽ കൂട്ടായ്മ തെറ്റാതിരിക്കാൻ മദ്യവുമായി കൂട്ടുകൂടിയതായിരിക്കാം. അതുമല്ലെങ്കിൽ താത്കാലിക ടെൻഷനുകളിൽ നിന്നുള്ള വിമുക്തിക്കായി വിഴുങ്ങി നോക്കിയതുമാകാം. ഇത്തരത്തിലുള്ള ആദ്യ മദ്യപാനസാഹചര്യത്തിൽ നിന്ന് പതുക്കെ പതുക്കെ മുഴുക്കുടിയിലേക്ക് മാറുന്നത് തിരിച്ചറിയപ്പെടാതെ പോകുന്നു. ഏതുരോഗവും, കാലേക്കൂട്ടി കണ്ടെത്തുമ്പോഴാണ് സാർത്ഥകമായ ചികിത്സകളും ഇടപെടലുകളും സാദ്ധ്യമാകുന്നത്. അമിതമദ്യപാനമെന്ന രോഗാവസ്ഥയിൽ ഇത് മിക്കവാറും സംഭവിക്കാറില്ല. സാമൂഹിക വിലക്കുകൾ ഇല്ലാത്ത നാട്ടുനടപ്പുള്ള ഒരു പരിപാടിയായി മദ്യപാനം അരങ്ങു തകർക്കുമ്പോൾ മുഴുക്കുടിയിലേക്കുള്ള ആദ്യചുവടുകൾ വെക്കുന്നവരെ തിരിച്ചറിയാതെ പോകുന്നുവെന്നതാണ് പൊള്ളുന്ന പരമാർത്ഥം. മദ്യപാനിക്ക് ജീവിതത്തിലേക്ക് മടക്കയാത്ര അനിവാര്യമെന്ന വിചാരം ഉൾക്കൊള്ളാൻ പറ്റാത്ത വിധത്തിൽ ലഹരി തലച്ചോറിനെ തളർത്തിക്കളഞ്ഞിട്ട് തുടങ്ങുന്ന ചികിത്സകൾ പലപ്പോഴും പരാജയപ്പെടുന്നു. അപ്പോഴേക്കും സാമ്പത്തികവും സാമൂഹികവും മാനസികവുമായ ഒട്ടേറെ പ്രതിസന്ധികൾ മദ്യപാനിയെ പിടികൂടിയിട്ടുണ്ടാവും. മുഴുക്കുടിയന്മാരെ സൃഷ്ടിക്കാനിടയുള്ള കുടി ശൈലികൾ മാറണം. ഇത്തരമൊരു അവസ്ഥയിലേക്ക് പോകും മുമ്പേ ഇടപെടുകയും വേണം.

**അപായ സൂചനകൾകാണുമ്പോൾ**

ഒരു വ്യക്തി മദ്യപാനരോഗത്തിലേക്ക് പോകുന്നുവെന്നതിന്റെ അപായ സൂചനകൾ ഒരല്പം ശ്രദ്ധിച്ചാൽ ഉറ്റവർക്കും ഉടയവർക്കും പെട്ടെന്ന് മനസ്സിലാക്കാം. പാർട്ടികളിൽ മാത്രം മദ്യപിച്ചിരുന്നയാൾ ഒറ്റയ്ക്കിരുന്ന് നേരവും കാലവും നോക്കാതെ രാവിലെ മുതൽ മദ്യപിക്കാൻ തുടങ്ങുമ്പോൾ നിയന്ത്രണത്തിന്റെ പിടിവിട്ടു തുടങ്ങിയെന്ന് ന്യായമായും കരുതാം. കഴിക്കുന്ന മദ്യത്തിന്റെ അളവ് പരിമിതപ്പെടുത്താൻ പറ്റാതാകുകയും കുറഞ്ഞസമയത്തിനുള്ളിൽ കൂടുതൽ മദ്യം അകത്താക്കാൻ ആർത്തികാണിക്കുകയും ചെയ്യുന്നത് അപകടത്തിലേക്ക് പോകുന്നതിന്റെ ലക്ഷണമാണ്. മദ്യപാനശീലത്തെ ന്യായീകരിക്കുകയും കുടിച്ചിട്ട് അങ്ങനെ ചെയ്തിട്ടില്ല എന്നു കള്ളം പറയുന്നതും മദ്യത്തിന് അടിമയായതിന്റെ ലക്ഷണങ്ങളാണ്. ✱

തുടർച്ച പേജ് 13-ൽ നിന്നും

ങ്ങളുടെ ജീവിതത്തെ നയിക്കുന്ന ഏതൊരു വ്യക്തിയിൽ നിന്നും പാപത്താൽ ഉരുവായ ഭയത്തെ യേശുക്രിസ്തു അകറ്റിക്കളയുന്നു.

നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ പ്രാർത്ഥിക്കുക. മെഡിറ്ററേനിയൻ കടലിൽ ശിഷ്യന്മാരും യേശുവും സഞ്ചരിച്ചിരുന്ന പടക് കൊടുങ്കാറ്റും തിരമാലയും നിമിത്തം തകരുമെന്ന നിലയിൽ എത്തിയപ്പോൾ യേശു ഉറങ്ങുകയായിരുന്നു. കർത്താവേ രക്ഷിക്കണമെ, ഞങ്ങൾ നശിച്ചു പോകുന്നുവെന്ന് ശിഷ്യന്മാർ അവരുടെ പടകിൽ നിന്നും ഉറക്കെ നിലവിളിച്ചു. അത്തരത്തിലുള്ള എല്ലാ പ്രാർത്ഥനയും ഉറക്കെ ആയിരിക്കണമെന്നില്ല. എന്നാൽ അവയിൽ നിരാശ്രയത്വം നിറഞ്ഞിരുന്നു. നിശ്ചയദാർഢ്യം കൊണ്ടോ സ്വയശിക്ഷണത്തിലൂടെയൊ കീഴടക്കുന്നതിനു പകരം നാം മറ്റാരും ആശ്രയമില്ല എന്ന് നിലവിളിക്കേണം. യേശുവിന്റെ ഈ സമയത്തെ ഉറക്കം നാം നമ്മുടെ ആശ്രയം ക്രിസ്തുവിൽ വെക്കേണ്ടതിന്റെയും നമ്മുടെ ആവശ്യങ്ങളെ ക്രിസ്തുവിനോട് പ്രാർത്ഥനയിലൂടെ അറിയിക്കേണ്ടതിന്റെയും ഗൗരവത്തെ കാണിക്കുന്നു. തങ്ങളുടെ അവസ്ഥകളെക്കുറിച്ച് പറയുന്നതും അവയെ സഹിക്കുന്നതുമൊക്കെ പലർക്കും ഒരു ഫാഷനാണ്. എന്നാൽ അവയെ പൂർണ്ണമായി ഇല്ലാതാക്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ അടിപ്പിണരുകളിൽ വിശ്വസിച്ച് അവയെ ഒഴിവാക്കുകയാണ് ഏറ്റവും നല്ലത്. 'യേശുവിന്റെ അടിപ്പിണരുകളാൽ നിങ്ങൾക്ക് സൗഖ്യം വന്നുമിരിക്കുന്നു'. ദൈവാരാധനയും പാട്ടും സ്തുതികളും വേദപുസ്തകവായനയും, മറ്റുള്ളവരെ ക്രിസ്തു സ്നേഹത്തിൽ ശുശ്രൂഷിക്കുന്നതും, ക്രിസ്തുവിൽ വിശ്വാസമർപ്പിക്കുന്നതുമെല്ലാം ഭയത്തെ നമ്മിൽ നിന്നും ഇല്ലാതാക്കുന്നതിന് സർവ്വകൃപാലുവായ ദൈവം ഒരുക്കിയിരിക്കുന്ന മുഖാന്തരങ്ങളാണ്.

*

തുടർച്ച പേജ് 5-ൽ നിന്നും

ങ്ങളും വേദപുസ്തകം വളരെ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. യേശു യഹൂദന്റെ രാജാവാണ്. യേശുവിന്റെ ഒന്നാമത്തെ വരവിൽ യേശുവിനെ ജാതിയായി അംഗീകരിക്കാതിരുന്ന യഹൂദജാതി രണ്ടായിരം വർഷങ്ങളോളം ലോകം മുഴുവൻ ചിതറിക്കപ്പെടുകയുണ്ടായി. എന്നാൽ വേഗം മടങ്ങി വരുന്നതായ, യഹൂദന്റെ രാജാവായ, യേശുവിനെ എതിരേല്ക്കുന്നതിനായി ആ ജാതിയെയും രാജ്യത്തെയും നമ്മുടെ തലമുറയിൽ അവരുടെ സ്ഥലത്തേക്ക് ദൈവം അത്ഭുതകരമായി കൊണ്ടുവന്ന് അതിശക്തമായി യഹൂദരാഷ്ട്രം അവരുടെ രാജാവായ യേശുവിനെ എതിരേല്ക്കുന്നതിന് ഒരുങ്ങികൊണ്ടിരിക്കുന്നു. ഇത് യേശുവിന്റെ മടങ്ങിവരവ് ആസന്നമാണെന്നതിന് തെളിവു നൽകുന്നു.

'മൃഗത്തിന്റെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയെ നമസ്ക്കരിക്കാത്തവരെയൊക്കെയും കൊല്ലിക്കേണ്ടതിനും മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുപ്പാൻ അതിനു ബലം ലഭിച്ചു. അത് ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലംകൈമേലോ നെറ്റിമേലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വിൽക്കുകയോ ചെയ്‌വാൻ വഹിയാതെയും ആകുന്നു. ഇവിടെ ജ്ഞാനം കൊണ്ട് ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ 666' (വെളി 13:15-18). കൈമേലും നെറ്റിമേലും നമ്പർ ഏല്ക്കേണ്ടത് അത്യാവശ്യമായി ഇന്ന് ലോകം ആസകലം പടർന്നു പന്തലിക്കുന്നതിനുള്ള തിടുക്കവും ഒരുക്കങ്ങളും, യേശുവിന്റെ മടങ്ങിവരവും ദൈവരാജ്യസ്ഥാപനവും ആസന്നമാണെന്ന് വിളിച്ചറിയിക്കുന്നു.

*

continued from page 14

At the present time a usurper has charge of this world, the kingdom of darkness reigns. Satan himself is the ruler of this world and the god of this age. But there is coming a kingdom in which Jesus Christ will reign both spiritually and physically. That kingdom is the subject of the text before us and of many other texts which we will see as it unfolds in days to come.

But I'm going to show you six components of that great age that are given us starting in verse 11. Here we will see the rule of the Son, the removal of the serpent, the reign of the saints, the return of Satan, the revolt of society and the resurrection of sinners. Now you don't need to write all those down now, they'll unfold tonight. And this will give you a general perspective on the millennial kingdom which is very, very important.

Let's start with the rule of the Son. The first characteristic of this future kingdom is that it is dominated by the Lord Jesus Christ. The kingdom literally on earth will begin with the arrival of the King. You can't have this earthly kingdom until the King gets here. When Christ comes in His glorious return, He comes to establish His Kingdom.

His own words regarding that day are given to us in Matthew chapter 24 verses 29 and 30, "But immediately after the Tribulation of those days, the sun will be darkened and the moon will not give its light and the stars will fall from the sky and the powers of the heaven will be shaken. And then the sign of the Son of Man will appear in the sky and then all the tribes of the earth will mourn and they will see the Son of Man coming on the clouds of the sky with power and great glory. And He will send forth His angels with a great trumpet and they will gather together His elect from the four winds, from one end of the sky to the other."

The King comes to destroy the ungodly and to collect His elect from all over the universe for the kingdom. This comes at the end of the time called Tribulation in Matthew chapter 24. When the time of Tribulation has come to its end and the whole universe has reeled under the judgments of the seals and the trumpets and the bowls. When all of those judgments are complete, then the King comes.

Let's look at His coming starting in verse 11, and I'm going to read down through verse 16. John says, Revelation 19:11, "And I saw heaven opened and behold a white horse and He who sat upon it is called Faithful and True; and in righteousness He judges and wages war. And His eyes are a flame of fire, and upon His head are many diadems; and He has a name written upon Him which no one knows except Himself, and He's clothed with a robe dipped in blood and His name is called the Word of God. And the armies which are in heaven, clothed in fine linen white and clean were following Him on white horses. And from His mouth comes a sharp sword so that with it He may smite the nations, He will rule them with a rod of iron and He treads the winepress of the fierce wrath of God, the Almighty. And on His robe and on His thigh He has a name written, KING OF KINGS AND LORD OF LORDS. And I saw an angel standing in the sun and he cried out with a loud voice, saying to all the birds which fly in midheaven, `Come assemble for the great supper of God, in order that you may eat the flesh of kings and the flesh of commanders and the flesh of mighty men and the flesh of horses and of those who sit on them and the flesh of all men, both free men and slaves and small and great.' And I saw the beast and the kings of the earth and their armies assembled to make war against Him who sat upon the horse and against His army."

Now that's taking you all the way down through verse 19. But in the first part, coming down through verse 16, we have a description of this rider on the white horse who tells us who He is. He is called Faithful and True, He is called the Word of God in verse 13, Faithful and True in verse 11. He is called KING OF KINGS AND LORD OF LORDS in verse 16. ●

# ദൈവഹിതം തിരിച്ചറിയുക

**ദൂതന്മാരിൽ കൂടി.** ദൈവഹിതം വെളിപ്പെടുത്തുവാനായി പരിശുദ്ധാത്മാവ് ദൂതന്മാരെ ഉപയോഗിക്കാം. അപ്രകാരമുള്ള നിരവധി ഭാഗങ്ങൾ ബൈബിളിൽ ദർശിക്കുവാൻ കഴിയും. ദൂതന്മാർ അമാനുഷികരാണ്. ദൈവസന്നിധിയിൽ സേവ ചെയ്യുന്ന അമർത്യരായ ആത്മീയ സൃഷ്ടികളാണ് ദൂതന്മാർ. യേശുവിന്റെ ജനനത്തെപ്പറ്റി അമ്മയായ മറിയ്ക്കും ഭർത്താവായ യോസഫിനും അറിവ് നൽകുന്നത് ദൂതന്മാരാണ്. ദൂതന്മാർ സ്വപ്നത്തിൽ പ്രത്യക്ഷപ്പെടുന്നതായി ബൈബിൾ പല ഭാഗങ്ങളിലും കാണാം. ദൈവത്തിന്റെ പദ്ധതികൾ മനുഷ്യരെ അറിയിക്കുവാൻ ദൈവദൂതന്മാർ കടന്നുവരാം. എന്നാൽ ശ്രദ്ധിക്കേണ്ടത് സാത്താനും ദൂതന്മാരുടെ വേഷത്തിൽ കടന്നുവരാം. ആയതുകൊണ്ട് കടന്നുവന്നത് ദൂതനാണോ, അതോ സാത്താനാണോ എന്നത് നാം തിരിച്ചറിയേണ്ടതാവശ്യമാണ്. ദൂതന്മാർ എപ്പോഴും ജീവിതം കെട്ടിപണിയുവാനും നല്ല പാതയിലേക്ക് നയിക്കുവാനും കടന്നുവരുമ്പോൾ സാത്താൻ വെളിച്ച ദൂതനായി വന്ന് ആൾക്കാരെ തകർക്കുവാനും നിരാശയിൽ തള്ളിയിടുവാനും ശ്രമിക്കുന്നു. അതിനാൽ ജീവിതത്തിൽ വഴികാട്ടുന്ന ദൂതന്മാരെ വിവേചിച്ചറിഞ്ഞില്ലായെങ്കിൽ പരാജയം നിശ്ചയമാണ്.


**സാഹചര്യങ്ങൾ.** നാം കടന്നുപോയ സാഹചര്യങ്ങളാണ് നമ്മെ ഇന്ന് നാം ആയിരിക്കുന്ന അവസ്ഥയിൽ എത്തിച്ചത്. നാം ആയിരിക്കുന്ന ചുറ്റുപാടുകൾ, സുഹൃത്തുക്കൾ, ഉണ്ടാകുന്ന പ്രശ്നങ്ങൾ എല്ലാം സാഹചര്യങ്ങളിൽ ഉൾപ്പെടുന്നവയാണ്. ഇപ്രകാരമുള്ള സാഹചര്യങ്ങൾ സ്വന്തം ജീവിതത്തിൽ ദൈവഹിതം അറിയുവാൻ കാരണമാകും. ജീവിതയാത്രയിൽ നേരിടുന്ന പ്രശ്നങ്ങളിൽ ആത്മീകാർത്ഥം അന്വേഷിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾ ദൈവഹിതം മനസ്സിലാക്കുന്നത്. ദൈവത്തിന് ഹിതമല്ലാതെ ഒരാൾ സഞ്ചരിക്കുമ്പോൾ മടക്കിവരുത്തുവാനായി ഒരു പക്ഷേ പ്രത്യക്ഷമായോ പരോക്ഷമായോ വിവിധ സാഹചര്യങ്ങളിൽ കൂടി ദൈവം നമ്മെ കടത്തി വിടാം. ഇത്തരം സാഹചര്യങ്ങളാണ് അല്പം വീണ്ടുവിചാരത്തിന് വക നൽകുന്നത്.

വിശുദ്ധ ബൈബിളിൽ യോനാ എന്ന അനുസരണംകെട്ട പ്രവാചകനെപ്പറ്റി പറയുന്നു. ദൈവം അവനോട് നിനവേ എന്ന സ്ഥലത്തേക്ക് പോകുവാനായി കല്പിച്ചു. എന്നാൽ അവൻ ആയതിനോട് മറുതലിച്ച് തർശീശിലേക്ക് യാത്ര തിരിച്ചു. ആയതിന്റെ ശിക്ഷ അവൻ അനുഭവിക്കേണ്ടതായി വന്നു. സാഹചര്യത്തിന്റെ നിർബന്ധത്താൽ യോനാ തന്റെ തീരുമാനം പൻവലിച്ച് ദൈവത്തോട് തെറ്റ് ഏറ്റുപറഞ്ഞു. ദൈവഹിതത്തിന് വിപരീതമായി യോന, യാത്ര ചെയ്ത കപ്പൽ പ്രതിസന്ധിയിലായി. കപ്പലിലെ യാത്രക്കാർ എല്ലാം ക്ലേശം സഹിച്ചു, മത്സ്യത്തിന് ജോലിയും ദഹനക്കേടും ഉണ്ടായി, യാത്രക്കാരുടെ വസ്തുവകകൾ എല്ലാം നഷ്ടമായി, യോനയെ കപ്പലിൽ നിന്നും കടലിൽ എറിഞ്ഞു കളയുന്നതിന് യാത്രക്കാർ നിർന്ധിതരായി തീർന്നു.

പലപ്പോഴും ദൈവഹിതത്തിന് വിപരീതമായി ഒരാൾ പോകുമ്പോൾ സംഭവിക്കുന്നതും ഇതുതന്നെയാണ്. ഇങ്ങനെയുള്ള ഗമനം കുടുംബകലഹത്തിനും, ബന്ധങ്ങളിൽ ഛിദ്രം ഉണ്ടാകുന്നതിനും, കടഭാരങ്ങൾ കടന്നു വരുന്നതിനും, അപകടങ്ങൾ സംഭവിക്കുന്നതിനും കാരണമാകുന്നു. ഇപ്രകാരമുള്ള സാഹചര്യങ്ങൾ ദൈവഹിതം മനസ്സിലാക്കുന്നതിനും, ദൈവത്തിങ്കലേക്ക് മടങ്ങിവരുന്നതിനുമുള്ള മുഖാന്തരങ്ങളായി നാം ദർശിക്കേണ്ടതാണ്. എന്നാൽ പെട്ടെന്നുണ്ടാകുന്ന സാഹചര്യങ്ങളിൽ ദൈവഹിതം എപ്രകാരം അറിയുമെന്നതാണ് പ്രാധാന്യം.

ജീവിതത്തിൽ യാദൃശ്ചികമായി തോന്നുന്ന ചില സാഹചര്യങ്ങൾ യഥാർത്ഥമായി ദൈവഹിതം മനസിലാക്കുവാനുള്ള അവസരങ്ങളാണ്. നിങ്ങളെ കയറ്റാതെ പോകുന്ന വണ്ടി, ഒരു പക്ഷേ അപകടത്തിലേക്കാകാം പോകുന്നത്. നിങ്ങൾ അതിൽ കയറരുത് എന്നതാകാം ദൈവഹിതം. പരീക്ഷയിൽ തോറ്റത്, ജീവിതം തകർന്നത്, ഒരു പക്ഷേ ദൈവഹിതം മനസിലാക്കാനുള്ള ചില ഉപാധികളാകാം. ജീവിതത്തിൽ അപകടവും പരാജയവും സംഭവിച്ചത് നാം ദൈവഹിതമറിഞ്ഞ് ദൈവവഴിയിൽ മടങ്ങിവരുന്നതിനു വേണ്ടിയാണ്.

Suvartha Dhodan
Church News Bulletin
Vol. 10
Issue No.2
Price Rs. 10/-
RNI.No. KERBIL/2009/30157
Postal Reg. No. KL/TLA/231/2016-18
Date of Publication: 19/2/2017




Printed, Published and Owned by V.S. Varghese, Suvartha Centre, Mallappally West P.O., Kerala-689 585 Printed at Evangel Press, Ramanchira, Tiruvalla, Tel : 0469-2630223, and published at Suvartha Centre, Mallappally West P.O., Kerala 689 585, Editor: Jiji Daniel